18
2021
ഡിസംബർ
ശനി
1197
ധനു 3

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 205 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-205 പേജ് 4. വില 2.00 രൂപ




02 ബംഗ്ലാദേശിന് പിന്തുണയുമായി ഇന്ത്യ നിലകൊള്ളുമെന്ന് രാഷ്ട്രപതി
03 405 പദ്ധതികൾ റിയാബിന്റെ മേൽനോട്ടത്തിൽ നടപ്പാക്കും
04 തലസ്ഥാനത്തെ ലുലു ഷോപ്പിംഗ് മാൾ തുറന്നു

# വിസി നിയമന അധികാരം സേർച്ച് കമ്മിറ്റിക്ക്

## ചാൻസലർ സ്ഥാനം ഒഴിയുന്ന തീരുമാനത്തിൽ മാറ്റമില്ല: ഗവർണർ



കൊച്ചി: കണ്ണൂർ സർവകലാശാല വൈസ് ചാൻസലറായി ഡോ. ഗോപിനാഥ് രവീന്ദ്രനെ പുനർനിയമിച്ച സംഭവത്തിൽ ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദുവിനെതിരേ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. പുനർനിയമനം നൽകുന്നതിന് ഗവർണർക്ക് കത്തെഴുതാനുള്ള അധികാരം മന്ത്രിക്കില്ലെന്നും സേർച്ച് കമ്മിറ്റിക്ക് മാത്രമാണ് വിസിയെ തെരഞ്ഞെടുക്കാനുള്ള അധികാരമെന്നും ഗവർണർ പറഞ്ഞു.

കൊച്ചിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. മന്ത്രിക്ക് മറുപടി പറയലല്ല തൻറെ ജോലി. വിസി നിയമനത്തിൽ രാഷ്ട്രീയമുണ്ടെന്നും ചാൻസലർ സ്ഥാനം ഒഴിയുമെന്ന തീരുമാനത്തിൽ മാറ്റമില്ലെന്നും ഗവർണർ പറഞ്ഞു.

ഹൈക്കോടതി നോട്ടീസ് അയച്ചവിവരം തനിക്കറിയില്ല. കോടതി കാര്യത്തിൽ അഭിപ്രായം പറയാനില്ല. ഡോ. ഗോപിനാഥ് രവീന്ദ്രന് പുനർനിയമനം നൽകുന്ന ഫയലിൽ പൂർണമനസോടെയല്ല ഒപ്പിട്ടത്.

സർക്കാരുമായുള്ള ഏറ്റുമുട്ടൽ ഒഴിവാക്കാനാണ് സ്വന്തം തീരുമാനത്തിന് വിരുദ്ധമായി പ്രവർത്തിച്ചത്. ഈ തെറ്റ് ആവർത്തിക്കാതിരിക്കാനാണ് ചാൻസലർ പദവി ഒഴിയാൻ തീരുമാനിച്ചതെന്നും അദ്ദേഹം പറഞ്ഞു.

### നിയമനം ഉറപ്പെന്ന് മന്ത്രി; കായികതാരങ്ങൾ സമരം അവസാനിപ്പിച്ചു

തിരുവനന്തപുരം: കായിക താരങ്ങളുടെ സമരം വിജയിച്ചു. 24 കായികതാരങ്ങൾക്ക് ഉടൻ ജോലി നൽകാൻ സർക്കാർ തീരുമാനം. ഇതോടെ 17 ദിവസമായി സെക്രട്ടറിയേറ്റ് പടിക്കൽ തുടർന്നുവന്ന സമരം കായിക താരങ്ങൾ അവസാനിപ്പിച്ചു.

മന്ത്രി വി.അബ്ദുറഹിമാനുമായുള്ള ചർച്ചയിലാണ് കായിക താരങ്ങൾക്ക് ഉടൻ ജോലി നൽകാൻ തീരുമാനമായത്. ബാക്കിവരുന്ന 54 കായിക കായിക താരങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ എട്ടംഗ സമിതിയെ നിയോഗിച്ചു.

സമിതി 45 ദിവസത്തിനുള്ളിൽ പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് കൈമാറും. റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ സ്പെഷൽ കേസായി പരിഗണിച്ച് ഇവർക്കും ജോലി നൽകുമെന്നും മന്ത്രി ഉറപ്പ് നൽകി.

# യുവാവ് പെട്രോൾ ഒഴിച്ച് തീകൊളുത്തിയ യുവതി മരിച്ചു



കോഴിക്കോട്: തിക്കോടിയിൽ യുവാവ് പെട്രോൾ ഒഴിച്ച് തീകൊളുത്തിയ യുവതി മരിച്ചു. തിക്കോടി പഞ്ചായത്തിലെ താൽക്കാലിക ജീവനക്കാരി തിക്കോടി കാട്ടുവയൽ കൃഷ്ണപ്രിയ (22) ആണ് മരിച്ചത്. ആക്രമണം നടത്തിയ അയൽവാസി വലിയമഠത്തിൽ നന്ദകുമാർ (26) ഗുരുതര പൊള്ളലേറ്റ് ചികിത്സയിലാണ്.

രാവിലെ രാവിലെ 9.50 ന് പഞ്ചായത്ത് ഓഫീസിന് മുൻപിലായിരുന്നു സംഭവം. പഞ്ചായത്ത് ഓഫീസിലെ പ്ലാനിംഗ് വിഭാഗത്തിൽ പ്രൊജക്ട് അസി. ആയി താത്ക്കാലിക ജീവനക്കാരിയാണ് കൃഷ്ണപ്രിയ. ഇവർ ജോലിയിൽ പ്രവേശിച്ചിട്ട് നാല് ദിവസം മാത്രമെ ആയിട്ടുള്ളൂ.

രാവിലെ ഓഫീസിലേക്ക് എത്തിയ കൃഷ്ണപ്രിയയെ വാതുക്കൽ നന്ദകുമാർ തടഞ്ഞുനിർത്തി. വാക്കുതർക്കം നടക്കുന്നതിനിടെ കൈയിൽ കരുതിയ കുപ്പിയിലെ പെട്രോൾ കൃഷ്ണപ്രിയയുടെ ശരീരത്ത് ഒഴിച്ച ശേഷം സ്വന്തം ദേഹത്തും പെട്രോൾ ഒഴിച്ച് നന്ദകുമാർ തീകൊളുത്തി. കൃഷ്ണപ്രിയയുടെ നിലവിളി കേട്ടെത്തിയ നാട്ടുകാരാണ് ഇരുവരെയും ആശുപത്രിയിലെത്തിച്ചത്.

ഇരുവർക്കും ഗുരുതരമായി പൊള്ളലേറ്റു. കൊയിലാണ്ടിയിലെ ആശുപത്രിയിലാണ് ഇവരെ പ്രവേശിപ്പിച്ചത്. സംഭവത്തിൽ പയ്യോളി സിഐയുടെ നേതൃത്വത്തിൽ അന്വേഷണം ആരംഭിച്ചു.

### എറണാകുളത്ത് ഭാര്യക്കും ഭർത്താവിനും ഒമിക്രോൺ; സമ്പർക്ക പട്ടികയിൽ ഏഴു പേർ

തിരുവനന്തപുരം: സംസ്ഥാനത്ത് രണ്ട് പേർക്ക് കൂടി ഒമിക്രോൺ സ്ഥിരീകരിച്ചു. യുഎഇയിൽ നിന്നും എറണാകുളത്തുവന്ന ഭർത്താവിനും (68) ഭാര്യയ്ക്കു മാണ് (67) ഒമിക്രോൺ സ്ഥിരീകരിച്ചത്. ഡിസംബർ എട്ടിന് ഷാർജയിൽ നിന്നുള്ള വിമാനത്തിലാണ് ഇവരെത്തിയത്. കേന്ദ്ര സർക്കാർ മാർഗനിർദേശ പ്രകാരം യുഎഇയെ ഹൈ റിസ്ക് രാജ്യത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല. അതിനാൽ ഇവർക്ക് സ്വയം നിരീക്ഷണമാണ് അനുവദിച്ചിരുന്നത്. രോഗലക്ഷണങ്ങൾ കണ്ടതിനെ തുടർന്ന് ഇരുവരും 11, 12 തീയതികളിൽ ആർടിപിസിആർ പരിശോധന നടത്തി.

അതിൽ കോവിഡ് പോസിറ്റീവാണെന്ന് കണ്ടെത്തി. തുടർന്ന് ഇവരുടെ സാമ്പിളുകൾ ജനിതക പരിശോധനയ്ക്കായി രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജിയിൽ അയച്ചു. അതിലാണ് ഇരുവർക്കും ഒമിക്രോൺ സ്ഥിരീകരിച്ചത്.

ഭർത്താവിൻറെ പ്രാഥമിക സമ്പർക്ക പട്ടികയിൽ ആറു പേരും ഭാര്യയുടെ പ്രാഥമിക സമ്പർക്ക പട്ടികയിൽ ഒരാളുമാണുള്ളത്. 54 യാത്രക്കാരാണ് വിമാനത്തി ലുണ്ടായിരുന്നത്. ഇവരുമായി അടുത്ത സമ്പർക്കം പുലർത്തിയിട്ടുള്ളവരെ പരിശോധനയ്ക്ക് വിധേയമാക്കുമെന്ന് മന്ത്രി പറഞ്ഞു.

# സിബിഎസ്ഇ പരീക്ഷ: വിദ്യാർഥികളുടെ ആശങ്ക പരിഹരിക്കണമെന്ന് മന്ത്രി വി. ശിവൻകുട്ടി

തിരുവനന്തപുരം: സിബിഎസ്ഇ പരീക്ഷ സംബന്ധിച്ച് വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും ആശങ്ക പരിഹരിക്കാൻ നടപടി എടുക്കണമെന്ന് പൊതു വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. ഇക്കാര്യം പരിഗണിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാന് മന്ത്രി വി.ശിവൻകുട്ടി കത്തയച്ചു.

സിബിഎസ്ഇ 10, പ്ലസ് ടു പരീക്ഷകളുമായി ബന്ധപ്പെട്ട് കേരളത്തിലെ വിദ്യാർഥികളും രക്ഷിതാക്കളും ആശങ്കയിലാണ്. വിവരണാത്മക പരീക്ഷയാണ് സിബിഎസ്ഇ മുൻകാലങ്ങളിൽ നടത്തിയിരുന്നത്. എന്നാൽ ഇത്തവണ മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

അതുകൊണ്ട് ഒറ്റ തെറ്റ് കൊണ്ട് മുഴുവൻ മാർക്കും നഷ്ടമാകുന്ന സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. മാത്രമല്ല ഉത്തരമായി നിർദേശിച്ചതിൽ പലതും ആശയക്കുഴപ്പമുണ്ടാക്കുന്നതാണെന്ന് പരാതിയുണ്ട്. കേരളം ഉൾപ്പെടുന്ന സോണിൽ ഏറെ ബുദ്ധിമുട്ടുള്ള ചോദ്യങ്ങളാണ് ചോദ്യപ്പേപ്പറിൽ ഉണ്ടായിരുന്നതെന്നും വിദ്യാർഥികൾ പരാതി പറയുന്നു.

വ്യക്തതയില്ലാത്തതും ആശയക്കുഴപ്പം ഉളവാക്കുന്നതുമായ ചോദ്യങ്ങൾ റദ്ദു ചെയ്ത് ചോദ്യങ്ങൾക്കുള്ള മാർക്ക് കുട്ടികൾക്ക് നൽകണം. കോവിഡ് കാലമായതിനാൽ വേണ്ടത്ര പഠിക്കാനുള്ള സാഹചര്യം കുട്ടികൾക്ക് ലഭിച്ചിട്ടില്ല.

ഈ പശ്ചാത്തലത്തിൽ കേരളം ഉൾപ്പെടുന്ന സോണിലെ കുട്ടികളുടെയും രക്ഷിതാക്കളുടെയും ആശങ്ക മാനിച്ച് മൂല്യ നിർണയ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തണമെന്നും മന്ത്രി അഭ്യർഥിച്ചു.

# കണ്ണൂർ സർവകലാശാല പുനർനിയമനത്തിൽ ഹർജി ഫയലിൽ സ്വീകരിച്ച് ഹൈക്കോടതി

കൊച്ചി: കണ്ണൂർ സർവകലാശാല പുനർനിയമനത്തിൽ ഹർജി ഫയലിൽ സ്വീകരിച്ച് ഹൈക്കോടതി ഡിവിഷൻ ബെഞ്ച്. സർക്കാരിനും സർവകലാശാലയ്ക്കും കോടതി നോട്ടീസ് അയച്ചു. ക്രിസ്മസ് അവധിക്ക് ശേഷം കേസ് വീണ്ടും പരിഗണിക്കും. വിസി പുനർനിയമനം ചോദ്യം ചെയ്താണ് ഹർജി.

കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.ഗോപിനാഥ് രവീന്ദ്രൻറെ പുനർനിയമനം ശരിവെച്ച ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ ഹർജിക്കാർ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ നൽകിയിരുന്നു. സർവകലാശാല സെനറ്റ് അംഗം ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, അക്കാദമിക് കൗൺസിലംഗം ഡോ. ഷിനോ.പി ജോസ് എന്നിവരാണ് ഹർജി നൽകിയത്.

യുജിസി ചട്ടങ്ങളും സർക്കാർ നിലപാടും ചേർന്നു പോകുന്നതല്ലെന്ന് ഹർജിക്കാർ അപ്പീലിൽ ചൂണ്ടിക്കാട്ടിയിരുന്നു. കാലാവധി നീട്ടുകയല്ല, പുനർനിയമനം നടത്തുകയാണ് ചെയ്തത്. നടപടിക്രമങ്ങൾ പാലിച്ചല്ല നിയമനം നടത്തിയത് എന്നായിരുന്നു ഹർജിയിലെ വാദം.

60 വയസ്സ് കഴിഞ്ഞയാളെ വിസിയായി നിയമിക്കാനാകില്ലെന്നാണ് ചട്ടം. പുനർനിയമന കാര്യത്തിൽ പ്രായം ബാധകമല്ലെന്ന സിംഗിൾ ബെഞ്ചിൻറെ വിലയിരുത്തൽ തെറ്റാണെന്നും അപ്പീലിൽ പറയുന്നു.

# സിനിമയിൽ ജോലി! യുവതിക്കു പീഡനവും കവർച്ചയും, പ്രതിക്കെതിരേ വേറെയും കേസുകൾ

കൊച്ചി: സിനിമാ മേഖലയിൽ ജോലി നൽകാമെന്നു വിശ്വസിപ്പിച്ചു യുവതിയെ പീഡിപ്പിക്കുകയും പണം കവരുകയും ചെയ്ത കേസിൽ അറസ്റ്റിലായ തിരുവനന്തപുരം മഞ്ഞാമല താറാവിള സുരേഷ് കുമാറിനെതിരെ സമാനരീതിയിലുള്ള നാലു കേസുകൾ.

പാറശാല, പോത്തൻകോട്, തൃശൂർ ഈസ്റ്റ്, എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനുകളിലാണ് ഇയാൾക്കെതിരേ സമാനരീതിയിലുള്ള കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. തിരുവനന്തപുരം സ്വദേശിയും ഇപ്പോൾ ഇടപ്പള്ളിയിൽ താമസിക്കുകയും ചെയ്യുന്ന യുവതിയാണ് ഇയാൾക്കെതിരേ പരാതി നൽകിയത്.

യുവതിയെ ഷൂട്ടിംഗ് ലൊക്കേഷനിലേക്കെന്നു വിശ്വസിപ്പിച്ച് വിവിധ ലോഡ്ജുകളിലെത്തിച്ചു പീഡിപ്പിച്ച പ്രതി മൂന്നരലക്ഷത്തോളം രൂപയും തട്ടിയെടുത്തതായും പരാതിയിൽ പറയുന്നു.

യുവതി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ചേരാനല്ലൂർ പോലീസ് ഇൻസ്പെക്ടർ കെ.ജി. വിപിൻകുമാറിൻറെ നേതൃത്വത്തിൽ സബ് ഇൻസ്പെക്ടർമാരായ കെ.എം. സന്തോഷ് മോൻ, ആർ.എസ്. വിപിൻ, ടി.എക്സ്. ജയിംസ്, എഎസ്ഐ ബിനു, എസ്സിപിഒ സിഗോഷ്, സിപിഒമാരായ നിതിൻ, അനീഷ് എന്നിവരുൾപ്പെട്ട സംഘമാണ് ഒളിവിൽ കഴിഞ്ഞ പ്രതിയെ പിടികൂടിയത്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# ആറ്റിങ്ങൽ ഇരട്ടക്കൊലക്കേസ്: അനു ശാന്തിക്ക് പരോൾ അനുവദിച്ച് സുപ്രീം കോടതി

ന്യൂഡൽഹി: ആറ്റിങ്ങൽ ഇരട്ടക്കൊലക്കേസ് പ്രതി അനു ശാന്തിക്ക് സുപ്രീം കോടതി രണ്ടുമാസത്തെ പരോൾ അനുവദിച്ചു. കണ്ണിനുണ്ടാകുന്ന മയോപ്യ എന്ന രോഗത്തിൻറെ ചികിത്സയ്ക്കാണ് പരോൾ അനുവദിച്ചത്.

ആറ്റിംഗലിലെ സംഭവം നടന്ന മേഖലയിലേക്ക് പോകരുതെന്ന് ഉപാധിയുടെ അടിസ്ഥാനത്തിലാണ് പരോൾ. നാല് വയസുള്ള കുഞ്ഞിനെ അടക്കം കൊലപ്പെടുത്തിയ കേസാണെന്ന് സംസ്ഥാന സർക്കാർ എതിർപ്പ് അറിയിച്ചു.

2014 ഏപ്രിൽ പതിനാറിനാണ് ഇരട്ടക്കൊലപാതകം നടന്നത്. അനു ശാന്തിയും കാമുകൻ നിനോ മാത്യുവും ചേർന്ന് കൊലപാതകം ആസൂത്രണം ചെയ്ത് നടപ്പാക്കിയെന്നാണ് കേസ്. അനു ശാന്തിയുടെ നാല് വയസുള്ള മകളും ഭർത്താവിൻറെ അമ്മ ഓമനയുമാണ് കൊല്ലപ്പെട്ടത്.

### ഉത്തരകൊറിയയിൽ പൗരന്മാർക്ക് ചിരിക്കുന്നതിന് വിലക്ക്


പ്യോഗ്യാങ്: ഉത്തര കൊറിയയുടെ മുൻപരമോന്നത നേതാവ് കിം ജോംഗ് ഇല്ലിൻറെ ചരമവാർഷകത്തോട് അനുബന്ധിച്ച് പൗരന്മാർക്ക് 10 ദിവസത്തേക്ക് ചിരിക്കുന്നതിന് വിലക്ക്. ഡിസംബർ 17 വ്യാഴാഴ്ചയാണ് കിം ജോംഗ് ഇല്ലിൻറെ 10ാം ചരമവാർഷികം.

വിലക്ക് ലംഘിക്കുന്നവർ ഗുരുതരമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരും. പൗരന്മാർക്ക് വേറെയും വിലക്കുകളുണ്ട്. മദ്യപിക്കുന്നതിനും, സാധനങ്ങൾ വാങ്ങുന്നതിനും ഒഴിവുസമയങ്ങളിൽ വിനോദങ്ങളിൽ ഏർപ്പെടുന്നതുമടക്കം നിരവധി നിയന്ത്രണങ്ങളാണ് രാജ്യത്ത് 10 ദിവസത്തേക്ക് ഏർപ്പെടുത്തിയിരിക്കുന്നത്.

അതിർത്തി നഗരമായ സിനുയിജുവിൽ താമസിക്കുന്ന ഒരാൾ റേഡിയോ ഫ്രീ ഏഷ്യയോട് പറഞ്ഞതായി ഫോക്സ് ന്യൂസാണ് ഈ വാർത്ത റിപ്പോർട്ട് ചെയ്തത്. മുൻകാലങ്ങളിൽ, ദുഃഖാചരണ ദിവസങ്ങളിൽ മദ്യപിച്ച് പിടിക്കപ്പെട്ട പലരെയും അറസ്റ്റ് ചെയ്യുകയും രാജ്യദ്രോഹിയായി കണക്കാക്കുകയും ചെയ്തിട്ടുണ്ട്.

ഇങ്ങനെ പിടികൂടി കൊണ്ടുപോയിട്ടുള്ള പലരെയും പിന്നെ ആരും കണ്ടിട്ടില്ല. ഈ ദിവസങ്ങളിൽ ജന്മദിനം ആഘോഷിക്കാനോ ശവസംസ്കാര ചടങ്ങുകൾ നടത്താനോ പോലും ആരെയും അനുവദിക്കാറില്ലെന്നും പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഒരു പൗരൻ പറഞ്ഞു.

# കോവിഡ് നഷ്ടപരിഹാരം: കേരളത്തിന് രൂക്ഷ വിമർശനം



ന്യൂഡൽഹി: കോവിഡ് നഷ്ടപരിഹാര വിതരണവുമായി ബന്ധപ്പെട്ട് കേരളത്തിനെതിരെ രൂക്ഷവിമർശനവുമായി സുപ്രീം കോടതി. കോവിഡ് നഷ്ടപരിഹാര വിതരണത്തിൻറെ കാര്യത്തിൽ കേരളം പരിതാപകരമായ അവസ്ഥയിലാണെന്ന് സുപ്രീം കോടതി പറഞ്ഞു. 40,000ത്തോളം പേർ മരിച്ചതിൽ നഷ്ടപരിഹാരം നൽകിയത് 548 പേർക്കു മാത്രമാണ്. ബാക്കിയുള്ള അപേക്ഷകളിൽ ഒരാഴ്ചയ്ക്കുള്ളിൽ തീർപ്പുണ്ടാക്കി 50,000 രൂപ നഷ്ടപരിഹാരം നൽകണമെന്നും കോടതി നിർദേശിച്ചു.

സാന്പത്തിക സഹായം ലഭിക്കാനുള്ള 10,778 അപേക്ഷകൾ ലഭിച്ചതായി സംസ്ഥാന സർക്കാർ കോടതിയിൽ വ്യക്തമാക്കിയിരുന്നു. ഇതിൽ 1948 അപേക്ഷകളാണ് തീർപ്പാക്കിയത്. ബാക്കിയുള്ള അപേക്ഷകളുടെ സാധുത പരിശോധിച്ചു വരുന്നേയുള്ളൂ. 548 പേർക്കു സാന്പത്തിക സഹായം നൽകിയെന്നും സംസ്ഥാനം വ്യക്തമാക്കി.

എന്നാൽ, എന്ത് കൊണ്ടാണ് ഇത്രയും കുറഞ്ഞ ആളുകൾക്കു മാത്രം സഹായധനം നൽകിയതെന്ന് ജസ്റ്റീസ് എം.ആർ ഷാ അധ്യക്ഷനായ ബെഞ്ച് ചോദിച്ചു. ...ക്കുള്ള സഹായധനം വിതരണം ചെയ്യുന്നതിൽ ഇനിയും വീഴ്ച വരുത്തിയാൽ ഗുരുതര നടപടി സ്വീകരിക്കുമെന്നും മുന്നറിയിപ്പു നൽകി.

കഴിഞ്ഞ ദിവസം, കോവിഡ് നഷ്ടപരിഹാര വിതരണത്തിൽ വീഴ്ചവരുത്തിയ ഗുജറാത്ത്, മഹാരാഷ്ട്ര സംസ്ഥാന സർക്കാരുകളെ സുപ്രീം കോടതി വിമർശിച്ചിരുന്നു.

# പോസ്റ്റിൽ ഇടിച്ച് വിദ്യാർഥിയുടെ തലയറ്റു; ഡ്രൈവർക്ക് തടവുശിക്ഷ

കണ്ണൂർ: കെഎസ്ആർടിസി ബസ് യാത്രയ്ക്കിടെ റോഡരികിലെ പോസ്റ്റിലിടിച്ച് വിദ്യാർഥിയുടെ തല അറ്റുപോയ സംഭവത്തിൽ ബസ് ഡ്രൈവർക്ക് തടവും പിഴയും ശിക്ഷ. മുണ്ടയാംപറമ്പിലെ ഇ.കെ. ജോസഫി(45)നെയാണ് മൂന്ന് മാസം തടവിനും 6,000 രൂപ പിഴയടയ്ക്കാനും ശിക്ഷിച്ചത്. കൂത്തുപറമ്പ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് എ.എഫ്. ഷിജുവാണ് ശിക്ഷ വിധിച്ചത്

2017 ഏപ്രിൽ 26ന് കൊട്ടിയൂർ പഞ്ചായത്ത് ഓഫീസിന് സമീപമായിരുന്നു സംഭവം. തമിഴ്നാട് ഗൂഡല്ലൂർ പുത്തൂർ എച്ചംവയലിലെ സിബി ജയറാം (13)ആണ് മരിച്ചത്.

തല പുറത്തേയ്ക്കിടാൻ ശ്രമിക്കുന്നതിനിടെയായിരുന്നു അപകടം. ഉടൽഭാഗം ബസിനകത്തായിരുന്നു. തല സമീപത്തെ ഓവുചാലിലും കണ്ടെത്തി. സംഭവത്തിന് ദൃക്സാക്ഷിയായ കുട്ടിയുടെ ബന്ധു ബോധരഹിതയാവുകയും ചെയ്തിരുന്നു. കേളകം സിഐ ആയിരുന്ന പി.ടി. പ്രദീഷാണ് കേസന്വേഷണം നടത്തി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്.

# ഗോവ വിമോചന ദിനാചരണത്തിൽ പ്രധാനമന്ത്രി പങ്കെടുക്കും

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഡിസംബർ 19ന് ഗോവ സന്ദർശിക്കുകയും ഏകദേശം 3 മണിക്ക് ഗോവയിലെ ഡോ. ശ്യാമ പ്രസാദ് മുഖർജി സ്റ്റേഡിയത്തിൽ നടക്കുന്ന ഗോവ വിമോചന ദിനാചരണ പരിപാടിയിൽ പങ്കെടുക്കുകയും ചെയ്യും. ചടങ്ങിൽ സ്വാതന്ത്ര്യ സമര സേനാനികളെയും ഓപ്പറേഷൻ വിജയ് സേനാനികളെയും പ്രധാനമന്ത്രി ആദരിക്കും. പോർച്ചുഗീസ് ഭരണത്തിൽ നിന്ന് ഗോവയെ മോചിപ്പിച്ച ഇന്ത്യൻ സായുധ സേനയുടെ 'ഓപ്പറേഷൻ വിജയ്' വിജയം കൈവരിച്ചതിന്റെ സ്മരണയ്ക്കായി എല്ലാ വർഷവും ഡിസംബർ 19 ന് ഗോവ വിമോചന ദിനം ആഘോഷിക്കുന്നു.

മെഡിക്കൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും രാജ്യത്തുടനീളം ഉയർന്ന നിലവാരത്തിലുള്ള മെഡിക്കൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നിരന്തരമായ ശ്രമമാണ് പ്രധാനമന്ത്രി നടത്തിവരുന്നത് . ഈ കാഴ്ചപ്പാടിന് അനുസൃതമായി, 380 കോടിയിലധികം രൂപ ചെലവിൽ പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന പദ്ധതിക്ക് കീഴിൽ നിർമ്മിച്ചതാണ് ഗോവ മെഡിക്കൽ കോളേജ് & ഹോസ്പിറ്റലിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്. ഉയർന്ന ഗുണനിലവാരത്തിലുള്ള സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ പ്രദാനം ചെയ്യുന്ന, ഗോവ സംസ്ഥാനത്തുടനീളമുള്ള ഒരേയൊരു അത്യാധുനിക സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാണിത്. ആൻജിയോപ്ലാസ്റ്റി, ബൈപാസ് സർജറി, കരൾ മാറ്റിവയ്ക്കൽ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ് തുടങ്ങിയ പ്രത്യേക സേവനങ്ങൾ ഇവിടെ ലഭ്യമാണ്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ പി എം കെയേഴ്സിന് കീഴിൽ സ്ഥാപിച്ചിട്ടുള്ള മിനിറ്റിൽ ആയിരം ലിറ്റർ ഉല്പാദന ശേഷിയുള്ള ഓക്സിജൻ പ്ലാന്റും ഇവിടെ ഉണ്ടാകും.

ഏകദേശം 220 കോടി രൂപ ചെലവിൽ നിർമ്മിച്ച ന്യൂ സൗത്ത് ഗോവ ജില്ലാ ഹോസ്പിറ്റലിൽ 33 സ്പെഷ്യാലിറ്റികളിലെ ഒപിഡി സേവനങ്ങൾ ഉൾപ്പെടെയുള്ള ആധുനിക മെഡിക്കൽ അടിസ്ഥാനസൗകര്യം, അത്യാധുനിക ഡയഗ്നോസ്റ്റിക്, ലബോറട്ടറി സൗകര്യങ്ങൾ , ഫിസിയോതെറാപ്പി, ഓഡിയോമെട്രി തുടങ്ങിയ സേവനങ്ങളും സജ്ജീകരിച്ചിരിക്കുന്നു. ആശുപത്രിയിൽ 500 ഓക്സിജൻ കിടക്കകളുണ്ട്. ഒപ്പം 5500 ലിറ്ററിന്റെ ദ്രവീകൃത മെഡിക്കൽ ഓക്സിജൻ ടാങ്കും, മണിക്കൂറിൽ 600 ലിറ്റർ ഉല്പാദന ശേഷിയുള്ള രണ്ടു പി എസ എ പ്ലാന്റുകളുമുണ്ട്.

സ്വദേശ് ദർശൻ പദ്ധതി പ്രകാരം 28 കോടിയിലധികം രൂപ ചെലവഴിച്ചാണ് അഗ്വാഡ ഫോർട്ട് ജയിൽ മ്യൂസിയം പൈതൃക വിനോദസഞ്ചാര കേന്ദ്രമായി പുനർവികസിപ്പിച്ചത് . ഗോവയുടെ വിമോചനത്തിന് മുമ്പ്, സ്വാതന്ത്ര്യ സമര സേനാനികളെ തടവിലിടാനും പീഡിപ്പിക്കാനും അഗ്വാഡ കോട്ട ഉപയോഗിച്ചിരുന്നു. ഗോവയുടെ വിമോചനത്തിനായി പോരാടിയ പ്രമുഖ സ്വാതന്ത്ര്യ സമര സേനാനികൾ നൽകിയ സംഭാവനകളും ത്യാഗങ്ങളും ഉയർത്തിക്കാട്ടുന്ന മ്യൂസിയം അവർക്കുള്ള ഉചിതമായ ആദരം കൂടിയാണ്. നിർമ്മാണത്തിലിരിക്കുന്ന മോപ്പ വിമാനത്താവളത്തിൽ ഏകദേശം 8.5 കോടി രൂപ ചെലവിൽ നിർമ്മിച്ച ഏവിയേഷൻ സ്കിൽ ഡെവലപ്മെന്റ് സെന്റർ 16 വ്യത്യസ്ത തൊഴിൽ പ്രൊഫൈലുകളിൽ പരിശീലനം നൽകുന്നതിന് ലക്ഷ്യമിടുന്നു. മോപ്പ എയർപോർട്ട് പദ്ധതി പ്രവർത്തനക്ഷമമാകുന്നതോടെ ഇന്ത്യയിലും വിദേശത്തുമുള്ള മറ്റ് വിമാനത്താവളങ്ങളിലും പരിശീലനം നേടുന്നവർക്ക് തൊഴിലവസരങ്ങൾ ലഭിക്കും.

കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ സംയോജിത ഊർജ വികസന പദ്ധതിക്ക് കീഴിൽ ഏകദേശം 16 കോടി രൂപ ചെലവിലാണ് മർഗോവിലെ ദാവോർലിം നാവെലിമിൽ ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ നിർമ്മിച്ചിരിക്കുന്നത്. ഡാവോർലിം, നെസ്സായി, നാവെലിം, അക്വംബൈക്സോ, ടെലൗലിം എന്നീ ഗ്രാമങ്ങളിൽ ഇത് സ്ഥിരമായ വൈദ്യുതി വിതരണം ചെയ്യും.

ഗോവയെ ഉന്നതസാങ്കേതിക വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ഗവൺമെന്റിന്റെ ശ്രമങ്ങൾക്ക് അനുസൃതമായി ബാർ കൗൺസിൽ ഓഫ് ഇന്ത്യ ട്രസ്റ്റിന്റെ ഇന്ത്യ ഇന്റർനാഷണൽ യൂണിവേഴ്സിറ്റി ഓഫ് ലീഗൽ എജ്യുക്കേഷൻ ആൻഡ് റിസർച്ച് സ്ഥാപിക്കും.

പോർച്ചുഗീസ് ഭരണത്തിൽ നിന്ന് ഗോവയെ മോചിപ്പിച്ച ഇന്ത്യൻ സായുധ സേനയുടെ സ്മരണയ്ക്കായി പ്രത്യേക കവറും പ്രത്യേക റദ്ദാക്കലും പ്രധാനമന്ത്രി പ്രകാശനം ചെയ്യും. ചരിത്രത്തിന്റെ ഈ പ്രത്യേക സംഭവം പ്രത്യേക കവറിൽ കാണിച്ചിരിക്കുന്നു, അതേസമയം പ്രത്യേക റദ്ദാക്കൽ ഇന്ത്യൻ നാവികസേനയുടെ ഗോമന്തകിലെ യുദ്ധസ്മാരകത്തെ ചിത്രീകരിക്കുന്നു, ഇത് 'ഓപ്പറേഷൻ വിജയ്' യിൽ ജീവൻ ബലിയർപ്പിച്ച ഏഴ് യുവ ധീരരായ നാവികരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും സ്മരണയ്ക്കായി നിർമ്മിച്ചതാണ്. ഗോവ വിമോചന പ്രസ്ഥാനത്തിലെ രക്തസാക്ഷികളുടെ മഹത്തായ ത്യാഗങ്ങളെ അഭിവാദ്യം ചെയ്യുന്ന പത്രദേവിയിലെ ഹുതാത്മ സ്മാരകം ചിത്രീകരിക്കുന്ന 'മൈസ്റ്റാമ്പും' പ്രധാനമന്ത്രി പ്രകാശനം ചെയ്യും. ഗോവ വിമോചന സമര കാലത്തെ വിവിധ സംഭവങ്ങളുടെ ചിത്രങ്ങളുടെ കൊളാഷ് ചിത്രീകരിക്കുന്ന 'മേഘദൂത് പോസ്റ്റ് കാർഡും' പ്രധാനമന്ത്രിക്ക് സമ്മാനിക്കും.

മികച്ച പഞ്ചായത്ത്/മുനിസിപ്പാലിറ്റി, സ്വയംപൂർണ മിത്രങ്ങൾ, സ്വയംപൂർണ ഗോവ പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നിവർക്കുള്ള അവാർഡുകളും പ്രധാനമന്ത്രി വിതരണം ചെയ്യും. സന്ദർശന വേളയിൽ, ഉച്ചകഴിഞ്ഞ് 2:15 ന്, പ്രധാനമന്ത്രി പനാജിയിലെ ആസാദ് മൈതാനിലെ രക്തസാക്ഷി സ്മാരകത്തിൽ പുഷ്പാർച്ചനയും നടത്തും. ഉച്ചകഴിഞ്ഞ് 2:30 ന് അദ്ദേഹം പനാജിയിലെ മിരാമറിൽ സെയിൽ പരേഡിലും ഫ്ലൈ പാസ്റ്റിലും പങ്കെടുക്കും.



കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും ചടയമംഗലം ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതിയുടെയും സംയുക്ത ആഭിമുഖ്യത്തിലുള്ള ഇക്കോ ഷോപ്പിന്റെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ വിപണന യൂണിറ്റിന്റെയും ഉദ്ഘാടനം ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ മന്ത്രി പി. പ്രസാദ് നിർവഹിക്കുന്നു

# തക്കാളി വണ്ടിയും ജില്ലയിൽ, ജൈവപച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത ലക്ഷ്യം : മന്ത്രി ജെ. ചിഞ്ചു റാണി

മട്ടുപ്പാവ്കൃഷി ഉൾപ്പെടെ പ്രോത്സാഹിപ്പിച്ച് ജൈവ പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുകയാണ് ലക്ഷ്യമെന്ന് മൃഗസംരക്ഷണക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി. ചണ്ണപ്പേട്ട സ്വാശ്രയ കർഷക സമിതിയുടെ പുതിയ മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

അമിതവിലയുള്ള ഇതര സംസ്ഥാന പച്ചക്കറികൾക്ക് പകരം ആഭ്യന്തര മുദ്പാദന വർധന ഉറപ്പാക്കുന്നതിന് ത്രിതല പഞ്ചായത്തുകൾ മുഖേന വിവിധ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ഏറ്റെടുത്ത് കൃഷി വ്യാപിപ്പിക്കും. പൊതു വിപണിയിലെ വില കർഷകർക്ക് നൽകി മിതമായ വിലയിൽ ജനങ്ങൾക്ക് പച്ചക്കറി ലഭ്യമാക്കുകയാണ് ലക്ഷ്യം.

ന്യായവില ഉറപ്പാക്കുന്ന തക്കാളി വണ്ടിയുടെ ഫ്ളാഗ് ഓഫ് മന്ത്രി നിർവഹിച്ചു. മുതിർന്ന കർഷകൻ പി.ജെ ജോണിനെ ആദരിച്ചു. വിദ്യാഭ്യാസ രംഗത്ത് ഉന്നത വിജയം നേടിയ വിദ്യാർഥികളെയും മികച്ച കർഷകരെയും മന്ത്രി തന്നെ ആദരിച്ചു.

അലയമൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അസീന മനാഫ് അധ്യക്ഷയായി. വി.എഫ്.പി.സി.കെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വി. ശിവരാമകൃഷ്ണൻ റിപ്പോർട്ട് അവതരിപ്പിച്ചു. അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.മനീഷ്, ജില്ലാ പഞ്ചായത്ത് അംഗം സി. അംബികകുമാരി, വി.എഫ്.പി.സി.കെ മാനേജർമാരായ മേരി സൈമൺ, ഷീജ മാത്യു, സ്വാശ്രയ കർഷക സമിതി പ്രസിഡന്റ് സജി ഇല്ലിക്കൽ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# മേയർമാരുടെ അഖിലേന്ത്യാ സമ്മേളനം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു

മേയർമാരുടെ അഖിലേന്ത്യാ സമ്മേളനം ഇന്ന് വീഡിയോ കോൺഫറൻസ് വഴി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ഉത്തർപ്രദേശ് മുഖ്യമന്ത്രി ശ്രീ യോഗി ആദിത്യനാഥ്, കേന്ദ്രമന്ത്രി ശ്രീ ഹർദീപ് സിങ് പുരി എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

പുരാതന നഗരമായ വാരണാസിയിൽ സമീപകാലത്തുണ്ടായ ചില സംഭവവികാസങ്ങളെക്കുറിച്ച് സമ്മേളനത്തെ അഭിസംബോധന ചെയ്യവെ , പ്രധാനമന്ത്രി പരാമർശിച്ചു. കാശിയുടെ വികസനം രാജ്യത്തിനാകെ വഴികാട്ടിയാകുമെന്ന അദ്ദേഹത്തിന്റെ പ്രസ്താവനയെ അദ്ദേഹം അനുസ്മരിച്ചു. നമ്മുടെ രാജ്യത്തെ മിക്ക നഗരങ്ങളും പരമ്പരാഗതമായ രീതിയിൽ വികസിപ്പിച്ച പരമ്പരാഗത നഗരങ്ങളാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ആധുനികവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ, ഈ നഗരങ്ങളുടെ പൗരാണികത യ്ക്കും തുല്യ പ്രധാന്യമുണ്ട്. പൈതൃകവും പ്രാദേശിക വൈദഗ്ധ്യങ്ങളും എങ്ങനെ സംരക്ഷിക്കാമെന്ന് ഈ നഗരങ്ങൾക്ക് നമ്മെ പഠിപ്പിക്കാൻ കഴിയുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നിലവിലുള്ള കെട്ടിടങ്ങൾ നശിപ്പിക്കുന്നതല്ല ശരിയായ വഴിയെന്നും പുനരുജ്ജീവനത്തിനും സംരക്ഷണത്തിനുമാണ് ഊന്നൽ നൽകേണ്ടതെന്നതിനും പ്രധാനമന്ത്രി ഊന്നൽ നൽകി. ആധുനിക കാലത്തിന്റെ ആവശ്യകതകൾക്കനുസൃതമായി ഇത് ചെയ്യണം.

ശുചിത്വത്തിനായി നഗരങ്ങൾ തമ്മിൽ ആരോഗ്യകരമായ മത്സരത്തിന് ആഹ്വാനം ചെയ്ത പ്രധാനമന്ത്രി, മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന നഗരങ്ങൾക്കൊപ്പം ശുചിത്വം കൈവരിക്കാൻ ഏറ്റവും മികച്ച ശ്രമങ്ങൾ നടത്തുന്ന നഗരങ്ങളെ തിരിച്ചറിയാനുള്ള പുതിയ വിഭാഗങ്ങൾ ഉണ്ടോ എന്നതിൽ ശങ്കയും പ്രകടിപ്പിച്ചു. ശുചിത്വത്തോടൊപ്പം നഗരങ്ങളുടെ സൗന്ദര്യവൽക്കരണത്തിനും അദ്ദേഹം ഊന്നൽ നൽകി. ഇക്കാര്യത്തിൽ തങ്ങളുടെ നഗരങ്ങളിലെ വാർഡുകൾക്കിടയിൽ ആരോഗ്യകരമായ മത്സരബോധം സൃഷ്ടിക്കാൻ അദ്ദേഹം മേയർമാരോട് ആവശ്യപ്പെട്ടു.

ആസാദി കാ അമൃത് മഹോത്സവവുമായി (സ്വാതന്ത്ര്യത്തിന്റെ അമൃത് മഹോത്സവം) ബന്ധപ്പെട്ട് സ്വാതന്ത്ര്യസമരം പ്രമേയമായ രംഗോലി മത്സരങ്ങൾ (വർണ്ണകളങ്ങൾ വരയ്ക്കുന്ന മത്സരം), സ്വാതന്ത്ര്യ സമരത്തെക്കുറിച്ചുള്ള സംഗീതമത്സരം, തരാട്ട്പാട്ട് മത്സരം തുടങ്ങി പ്രധാനമന്ത്രി തന്റെ പ്രസംഗങ്ങളിലും മൻ കിബാത്തിലും ഊന്നൽ നൽകുന്ന പരിപാടികൾ സംഘടിപ്പിക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു.

തങ്ങളുടെ നഗരങ്ങളുടെ ജന്മദിനങ്ങൾ മേയർമാർ കണ്ടെത്തി ആഘോഷിക്കണമെന്നും പ്രധാനമന്ത്രി നിർദേശിച്ചു. നദികളുള്ള നഗരങ്ങൾ നദി ഉത്സവം ആഘോഷിക്കണം. നദികളുടെ മഹത്വം പ്രചരിപ്പിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു, അതിലൂടെ ജനങ്ങൾ അവയിൽ അഭിമാനിക്കുകയും അവ വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി. "നദികളെ നഗര ജീവിതത്തിന്റെ കേന്ദ്രത്തിലേക്ക് തിരികെ കൊണ്ടുവരണം. ഇത് നിങ്ങളുടെ നഗരങ്ങൾക്ക് ഒരു പുതുജീവിതം നൽകും". പ്രധാനമന്ത്രി പറഞ്ഞു. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് നിർമാർജനത്തിനുള്ള സംഘടിതപ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കാൻ അദ്ദേഹം മേയർമാരോട് ആവശ്യപ്പെട്ടു. മാലിന്യത്തിൽ നിന്ന് സമ്പത്ത് സൃഷ്ടിക്കുന്നതിനുള്ള വഴികൾ തേടാൻ അദ്ദേഹം മേയർമാരോട് നിർദ്ദേശിച്ചു. "നമ്മുടെ നഗരം വൃത്തിയും ആരോഗ്യവുമുള്ളതായിരിക്കണം, ഇതിനായിരിക്കണം നമ്മുടെ പരിശ്രമം", അദ്ദേഹം പറഞ്ഞു.

തങ്ങളുടെ നഗരങ്ങളിലെ തെരുവുവിളക്കുകളിലും വീടുകളിലും എൽ.ഇ.ഡി ബൾബുകൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ അദ്ദേഹം മേയർമാരോട് ആവശ്യപ്പെട്ടു. ഇത് ഒരു ദൗത്യരൂപത്തിൽ ഏറ്റെടുക്കാൻ അദ്ദേഹം അവരോട് നിർദ്ദേശിച്ചു. നിലവിലുള്ള പദ്ധതികൾ പുതിയ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനും മുന്നോട്ട് കൊണ്ടുപോകുന്നതിനും നാം എപ്പോഴും ചിന്തിക്കണമെന്ന് അദ്ദേഹം പറഞ്ഞു. നഗരത്തിലെ എൻ.സി.സി യൂണിറ്റുകളുമായി ബന്ധപ്പെടാനും നഗരങ്ങളിലെ പ്രതിമകൾ വൃത്തിയാക്കാനും ആസാദി കാ അമൃത് മഹോത്സവത്തിന്റെ ആത്മാവുമായി ബന്ധപ്പെട്ട വ്യക്തിത്വങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ സംഘടിപ്പിക്കാനും ഗ്രൂപ്പുകൾ രൂപീകരിക്കാനും അദ്ദേഹം മേയർമാരോട് ആവശ്യപ്പെട്ടു. അതുപോലെ, മേയർമാർക്ക് അവരുടെ നഗരത്തിലെ ഒരു സ്ഥലം കണ്ടെത്തി പി.പി.പി (പൊതു സ്വകാര്യ പങ്കാളിത്ത) മാതൃകവഴി ആസാദി കാ അമൃത് മഹോത്സവവുമായി സമന്വയിപ്പിച്ച് ഒരു സ്മാരകം സൃഷ്ടിക്കാനും കഴിയണം. 'ഒരു ജില്ല ഒരു ഉൽപ്പന്നം' എന്ന പരിപാടിയെ പരാമർശിച്ചുകൊണ്ട് തങ്ങളുടെ നഗരത്തിന്റെ സവിശേഷ സ്വത്വത്തിലുള്ള ഏതെങ്കിലും തനതായ ഉൽപ്പന്നത്തേയോ സ്ഥലത്തേയോ പ്രോത്സാഹിപ്പിക്കുന്നതിനായി ശ്രമിക്കാൻ പ്രധാനമന്ത്രി മേയർമാരോട് ആവശ്യപ്പെട്ടു. നഗര ജീവിതത്തിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച് ജനസൗഹൃദ ചിന്ത വികസിപ്പിക്കാനും പ്രധാനമന്ത്രി അവരോട് നിർദ്ദേശിച്ചു. പൊതുഗതാഗതത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. സുഗമ്യ ഭാരത് അഭിയാൻ ആക്സസബിൾ ഇന്ത്യ കാമ്പെയ്ൻ പ്രകാരം തങ്ങളുടെ നഗരത്തിലെ എല്ലാ സൗകര്യങ്ങളും ദിവ്യാംഗ സൗഹൃദമാണെന്ന് ഉറപ്പാക്കണമെന്ന് അദ്ദേഹം മേയർമാരോട് നിർദ്ദേശിച്ചു.

"നമ്മുടെ നഗരങ്ങളാണ് നമ്മുടെ സമ്പദ്വ്യവസ്ഥയുടെ ചാലകശക്തി. നമ്മുടെ നഗരത്തെ നാം ഊർജസ്വലമായ സമ്പദ്വ്യവസ്ഥയുടെ കേന്ദ്രമാക്കി മാറ്റണ"മെന്ന് അദ്ദേഹം പറഞ്ഞു. സാമ്പത്തിക പ്രവർത്തനങ്ങളെ ക്ഷണിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു പരിസ്ഥിതി സൃഷ്ടിക്കുന്നതിന് എല്ലാ സൗകര്യങ്ങളും ഒരേസമയം വികസിക്കുന്ന ഒരു സമഗ്ര സംവിധാനം സൃഷ്ടിക്കാൻ അദ്ദേഹം അവരോട് ആവശ്യപ്പെട്ടു.

നമ്മുടെ വികസന മാതൃകയിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങ (എം.എസ്.എം.ഇ)ളെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത പ്രധാനമന്ത്രി ആവർത്തിച്ചു. "വഴിയോരക്കച്ചവടക്കാർ നമ്മുടെ സ്വന്തം യാത്രയുടെ തന്നെ ഭാഗമാണ്, അവരുടെ ബുദ്ധിമുട്ടുകൾ ഓരോ നിമിഷവും നമ്മൾ കാണും. അവർക്കായി നമ്മൾ പ്രധാനമന്ത്രി സ്വനിധി യോജന കൊണ്ടുവന്നു. ഈ പദ്ധതി വളരെ നല്ലതാണ്. നിങ്ങളുടെ നഗരത്തിലെ അവരുടെ ഒരു പട്ടിക ഉണ്ടാക്കി മൊബൈൽ ഫോൺ ഇടപാടുകൾ നടത്താൻ അവരെ പഠിപ്പിക്കുക. ഇത് കൂടുതൽ മെച്ചപ്പെട്ട വ്യവസ്ഥകളിൽ ബാങ്ക് ധനസഹായം സുഗമമാക്കും", പ്രധാനമന്ത്രി പറഞ്ഞു. മഹാമാരിയുടെ കാലത്ത് അവയുടെ പ്രാധാന്യം വളരെ വ്യക്തമായി പുറത്തുവന്നുവെന്നും അദ്ദേഹം പറഞ്ഞു.

കാശിയുടെ വികസനത്തിന് തങ്ങളുടെ അനുഭവങ്ങളിൽ നിന്നുള്ള നിർദ്ദേശങ്ങൾ നൽകണമെന്ന് മേയർമാരോട് അഭ്യർത്ഥിച്ചുകൊണ്ട് പ്രസംഗം അവസാനിപ്പിക്കവെ പ്രധാനമന്ത്രി പറഞ്ഞു. "നിങ്ങളുടെ നിർദ്ദേശങ്ങൾക്ക് ഞാൻ നന്ദിയുള്ളവനായിരിക്കും, നിങ്ങളുടെ ആദ്യ വിദ്യാർത്ഥിയും ഞാനായിരിക്കും". സർദാർ പട്ടേൽ അഹമ്മദാബാദിന്റെ മേയറായിരുന്നുവെന്നും രാജ്യം അദ്ദേഹത്തെ ഇന്നും ഓർക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു. "ഈ രാജ്യത്തെ ജനങ്ങളെ സേവിക്കാൻ കഴിയുന്ന അർത്ഥവത്തായ രാഷ്ട്രീയ ജീവിതത്തിലേക്കുള്ള ചവിട്ടുപടിയാകാൻ മേയർ പദവിക്ക് കഴിയും", പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

# ബംഗ്ലാദേശിന് പിന്തുണയുമായി ഇന്ത്യ നിലകൊള്ളുമെന്ന് രാഷ്ട്രപതി

ബംഗ്ലാദേശ് സന്ദർശനത്തിന്റെ സമാപന ദിവസം രാഷ്ട്രപതി ശ്രീ രാം നാഥ് കോവിന്ദ് ധാക്കയിൽ ബംഗ്ലാദേശിലെ ഇന്ത്യയുടെ ഹൈക്കമ്മീഷണർ ശ്രീ വിക്രം കെ ദൊരൈസ്വാമി ആതിഥേയത്വം വഹിച്ച ഇന്ത്യൻ സമൂഹത്തിന്റെ സ്വീകരണ യോഗത്തിൽ പങ്കെടുത്തു.

ധാക്കയിലെ നവീകരിച്ച ചരിത്രപ്രസിദ്ധമായ രമണ കാലി ക്ഷേത്രം ഉദ്ഘാടനം ചെയ്യാനുള്ള അവസരം ലഭിച്ചതായി സദസിനെ അഭിസംബോധന ചെയ്ത് രാഷ്ട്രപതി പറഞ്ഞു.

വിമോചനയുദ്ധത്തിൽ പാകിസ്ഥാൻ സൈന്യം തകർത്ത ക്ഷേത്രം പുനഃസ്ഥാപിക്കാൻ ബംഗ്ലാദേശിലെയും ഇന്ത്യയിലെയും ഗവൺമെന്റുകളും ജനങ്ങളും സഹായിച്ചതായി അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യയിലെയും ബംഗ്ലാദേശിലെയും ജനങ്ങൾ തമ്മിലുള്ള ആത്മീയവും സാംസ്കാരികവുമായ ബന്ധത്തിന്റെ പ്രതീകമാണ് ഈ ക്ഷേത്രമെന്ന് അദ്ദേഹം പറഞ്ഞു.

രാജ്യത്തിന്റെ വിമോചന പ്രസ്ഥാനത്തിൽ നിന്ന് ഉയർന്നുവന്ന മൂല്യങ്ങൾ ഉൾക്കൊള്ളുന്ന ബംഗ്ലാദേശിന് പിന്തുണയുമായി ഇന്ത്യ നിലകൊള്ളുമെന്ന് രാഷ്ട്രപതി ഉറപ്പുനൽകി.

ഇരു രാജ്യങ്ങളുടെയും വളർച്ചാ പാതകൾ പരസ്പരബന്ധിതമാണെന്നും വിഭവങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കലാണ് സുസ്ഥിര വികസനത്തിനുള്ള മന്ത്രമെന്നും രാഷ്ട്രപതി പറഞ്ഞു.

ഹരിത ഊർജം, ക്ലീൻ ടെക്നോളജി എന്നീ മേഖലകളിൽ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിൽ വലിയ സാധ്യതകൾ കാണുന്നതായും അദ്ദേഹം പറഞ്ഞു.

ശക്തമായ സമ്പദ്വ്യവസ്ഥയിലേക്കുള്ള നീക്കത്തിൽ ബംഗ്ലാദേശിനെ സഹായിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്.

വ്യാപാരസാമ്പത്തിക ബന്ധങ്ങൾ പുതിയ ഉയരങ്ങളിലേക്ക്, പ്രത്യേകിച്ച്, ബംഗ്ലാദേശിനും ഇന്ത്യയുടെ വടക്കു കിഴക്കൻ മേഖലയ്ക്കും ഇടയിൽ വർധിപ്പിക്കാൻ ഈ അവസരം പ്രയോജനപ്പെടുത്താൻ ഇരുവശത്തുമുള്ള വ്യാപാര സമൂഹത്തോട് അദ്ദേഹം അഭ്യർത്ഥിച്ചു.

ബംഗ്ലാദേശിലെ ഇന്ത്യൻ സമൂഹത്തെ അഭിനന്ദിച്ച രാഷ്ട്രപതി, ദീർഘകാലത്തെ ഉഭയകക്ഷി ബന്ധം ഉറപ്പിച്ചതിൽ അവരുടെ പങ്കാളിത്തം എടുത്ത് പറഞ്ഞു.

വിമോചനയുദ്ധത്തിന്റെ സുവർണജൂബിലിയും ബംഗബന്ധുവിന്റെ ജന്മശതാബ്ദിയും നമ്മുടെ സൗഹൃദത്തിന്റെ 50ാം വാർഷികവും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികവും ആഘോഷിക്കുന്ന ഈ അതുല്യ വർഷത്തിൽ, നമ്മുടെ രാഷ്ട്രശില്പികളുടെ സ്വപ്നങ്ങൾ നിറവേറ്റുന്നതിനായി നാം സ്വയം സമർപ്പിക്കണമെന്ന് രാഷ്ട്രപതി പറഞ്ഞു.

1971ൽ രക്തവും ത്യാഗവും കൊണ്ട് രൂപപ്പെടുത്തിയ ബന്ധം ഭാവിയിലും നമ്മുടെ രാഷ്ട്രങ്ങളെ ബന്ധിപ്പിക്കുമെന്ന് അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

# സ്ത്രീപക്ഷ നവകേരളത്തിന് ഇന്ന് തിരിതെളിയും

സ്ത്രീധനത്തിനെതിരെ സ്ത്രീപീഡനത്തിനെതിരെ സ്ത്രീപക്ഷ നവകേരളം എന്ന ബൃഹത്തായ പ്രചരണ പരിപാടിക്ക് ഇന്ന് തിരിതെളിയും. തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ വൈകുന്നേരം മൂന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ സ്ത്രീപക്ഷ നവകേരളത്തിന്റെ ഉദ്ഘാടനം നിർവഹിക്കും. സമൂഹത്തിൽ ഉണ്ടാവുന്ന സ്ത്രീവിരുദ്ധമായ പ്രവർത്തനങ്ങളെയും ചിന്തകളെയും മറ്റും ഇല്ലാതാക്കാനുതകുന്ന സർവതല സ്പർശിയായ ക്യാമ്പയിനാണ് സ്ത്രീപക്ഷ നവകേരളത്തിലൂടെ ഉയർത്തിക്കൊണ്ടുവരുന്നത്. ഡിസംബർ 18 മുതൽ അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് 8വരെ നീണ്ടുനിൽക്കുന്ന ഒന്നാം ഘട്ട ക്യാമ്പയിനും പിന്നീട് തുടർപരിപാടികളും സ്ത്രീപക്ഷ നവകേരളത്തിനായി സംഘടിപ്പിക്കും. ഉദ്ഘാടന ചടങ്ങിൽ തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ അധ്യക്ഷത വഹിക്കും. ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി മന്ത്രി ആർ ബിന്ദു, ക്ഷീര വികസന, മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചു റാണി, ആരോഗ്യ, വനിതാ, ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ്, വനിതാ കമ്മീഷൻ അധ്യക്ഷപി സതീദേവി, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും. സ്ത്രീപക്ഷ നവകേരളത്തിന്റെ ക്യാമ്പയിൻ അംബാസഡർ പ്രശസ്ത അഭിനേത്രി നിമിഷോ സജയനാണ്. ഉദ്ഘാടന പരിപാടിയിലും തുടർന്ന് ക്യാമ്പയിന്റെ വിവിധ ഘട്ടങ്ങളിലും അവരുടെ സാന്നിധ്യം ഉണ്ടാവും.

പതിനാല് ജില്ലകളിൽ നിന്നുള്ള കുടുംബശ്രീ പ്രതിനിധികൾ പങ്കെടുക്കുന്ന സംസ്ഥാന തല ഉദ്ഘാടന വേദിയിൽ സ്ത്രീപക്ഷ നവകേരളത്തിന്റെ സമീപന രേഖ പ്രകാശനം ചെയ്യും. സ്ത്രീപക്ഷ നവകേരള പ്രതിജ്ഞയുമെടുക്കും. ജില്ലാ തലത്തിലും എല്ലാ തദ്ദേശഭരണ സ്ഥാപന തലത്തിലും ഇരുപത്തിരണ്ടായിരത്തിലേറെ വാർഡ് തലങ്ങളിലും സ്ത്രീപക്ഷ നവകേരള പ്രതിജ്ഞയെടുക്കും. സ്ത്രീധനത്തിനും സ്ത്രീപീഡനത്തിനുമെതിരെയുള്ള പ്ലക്കാർഡുകളേന്തി അയൽക്കൂട്ട അംഗങ്ങൾ വാർഡ് തലത്തിൽ സമ്മേളിക്കും. വാർഡുകളിലുള്ള കുടുംബശ്രീ പ്രവർത്തകർക്ക് സംസ്ഥാന തല ഉദ്ഘാടന പരിപാടി തത്സമയം കാണാനുള്ള സൗകര്യമൊരുക്കും. യുവതീ ഓക്സിലറി ഗ്രൂപ്പംഗങ്ങൾ, യുവജനങ്ങൾ, കുടുംബാംഗങ്ങൾ, സാമൂഹ്യ സാംസ്കാരിക മേഖലകളിലെ പ്രമുഖർ തുടങ്ങിയവർ പരിപാടിയിൽ പങ്കാളികളാകും.

പോസ്റ്റർ ക്യാമ്പയിൻ, സ്ത്രീധനത്തിനെതിരായ സോഷ്യൽ മീഡിയാ ചലഞ്ച്, റീൽസ് വീഡിയോ തയ്യാറാക്കൽ തുടങ്ങി സമൂഹമാധ്യമങ്ങളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയുള്ള പ്രചരണങ്ങൾ, ചുവർചിത്ര ക്യാമ്പെയിൻ, കോളേജ് വിദ്യാർത്ഥികൾക്കുള്ള വെബിനാറുകൾ, സ്ത്രീധനം സംബന്ധിച്ച അഭിപ്രായ സർവേ, ഇരുചക്ര വാഹന റാലി, ബാലസഭകൾ, സ്കൂൾ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള പോസ്റ്റർ ക്യാമ്പയിൻ, കാർട്ടൂൺ സീരീസ്, സ്ത്രീധനത്തിനെതിരെയുള്ള സിഗ്നേച്ചർ ക്യാമ്പയിൻ തുടങ്ങി വിവിധ തലങ്ങളിലുള്ള പരിപാടികൾ സംഘടിപ്പിക്കും. കുടുംബശ്രീയുടെ നേതൃത്വത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്തോടെയാണ് സ്ത്രീപക്ഷ നവകേരളം യാഥാർത്ഥ്യമാക്കുന്നത്.



കേരള കരകൗശല വികസന കോർപ്പറേഷൻ എസ്.എം.എസ്.എം ഇൻസ്റ്റിറ്റ്യൂട്ടിലെ സെന്റിനറി ഹാളിൽ നടത്തുന്ന 'ക്യാൻവാസ് 21' ചിത്ര പ്രദർശനവും വിൽപ്പനയും വ്യവസായ മന്ത്രി പി രാജീവ് സന്ദർശിക്കുന്നു

# വയനാട്ടിലെ കടുവാശല്യം; വനം വകുപ്പിന്റെ നടപടികളോട് ജനങ്ങൾ സഹകരിക്കണമെന്ന് മന്ത്രി

വയനാട് കുറുക്കൻമൂലയിൽ ജനവാസ കേന്ദ്രത്തിലിറങ്ങിയ കടുവയെ കണ്ടെത്തുന്നതിനും പിടികൂടുന്നതിനുമായി ഉർജ്ജിത ശ്രമങ്ങൾ വനം വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്നതായി വനം വന്യജീവി വകുപ്പുമന്ത്രി എ.കെ.ശശീന്ദ്രൻ അറിയിച്ചു. കടുവാ സന്നിധ്യം റിപ്പോർട്ട് ചെയ്ത് ആദ്യ ദിവസം മുതൽ ശക്തമായ ഫീൽഡ് പട്രോളിംഗ് പ്രദേശത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഉന്നത ഉദ്യോഗസ്ഥർ മുതൽ 100 മുതൽ 125 ഓളം  വനം വകുപ്പ് ജീവനക്കാർ രാവും പകലും പ്രദേശത്ത് പട്രോളിംഗ് നടത്തുന്നു. 127 വാച്ചർമാർ, 66 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, 29 ഫോറസ്റ്റർമാർ, 8 റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ, 5 ഡി.എഫ്.ഒമാർ, ഉത്തരമേഖലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ എന്നിവരെയാണ് കടുവയെ പിടികൂടുന്നതിനുള്ള പ്രത്യേക യജ്ഞത്തിനായി വനം വകുപ്പ് നിയോഗിച്ചിട്ടുള്ളത്. കൂടാതെ, സീനിയർ ഫോറസ്റ്റ് വെറ്ററിനറി സർജൻ അരുൺ സക്കറിയയുടെ നേതൃത്വത്തിലുള്ള സംഘം സ്ഥലത്ത് ക്യാംപ് ചെയ്ത് മയക്കുവെടി വെക്കുന്നതിനുള്ള ശ്രമങ്ങളും തുടരുകയാണ്. രണ്ട് കുങ്കിയാനകളുടെ സഹായത്തോടെയും മൂന്ന് ഡ്രോണുകൾ ഉപയോഗിച്ചും സ്ഥലത്ത് പരിശോധന നടത്തി വരുന്നു. പ്രദേശത്ത് ഇതിനകം 36 ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രദേശത്ത് അഞ്ച് കൂടുകൾ സ്ഥാപിച്ചിട്ടുണ്ട്.

ചീഫ് വൈൽഡ് ലൈഫ് വാർഡൻ ബെന്നിച്ചൻ തോമസ് സ്ഥലത്തെത്തി നടപടികൾ വിലയിരുത്തിയ ശേഷം ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കും. സബ് കളക്ടർ, തഹസിൽദാർ, മാനന്തവാടി ഡി.വൈ.എസ്.പി എന്നിവരുടെ നേതൃത്വത്തിൽ റവന്യൂ, പോലീസ് സംഘവും എല്ലാ സഹകരണവും നൽകുന്നുണ്ട്. ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ ക്രമീകരിച്ചിട്ടുണ്ട്. കൊല്ലപ്പെട്ട കന്നുകാലികളുടെ ഉടമസ്ഥർക്ക് പോസ്റ്റ് മോർട്ടം റിപ്പോർട്ട് ലഭിച്ചാലുടൻ നഷ്ടപരിഹാരം കണക്കാക്കി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ വനം വകുപ്പ് ഉൾപ്പെടെയുള്ള ബന്ധപ്പെട്ട എല്ലാ  വകുപ്പുകളും  കൈക്കൊണ്ട നടപടികൾ കേരളാ ഹൈക്കോടതി 14, 16 തീയതികളിൽ വീഡിയോ കോൺഫറൻസ് വഴി വിലയിരുത്തുകയും ഇതുവരെ സ്വീകരിച്ച നടപടികളിൽ തൃപ്തി അറിയിക്കുകയും ചെയ്തിട്ടുണ്ട്.

പൊതുജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ഭീതി സർക്കാർ പൂർണ്ണമായും മനസ്സിലാക്കി മനുഷ്യസാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നതായി മന്ത്രി അറിയിച്ചു. പ്രദേശത്ത് ഉണ്ടായതായി പറയപ്പെടുന്ന മറ്റ് പ്രശ്നങ്ങളെ കുറിച്ച് ആവശ്യമായ അന്വേഷണങ്ങൾ നടത്തും. ഈ വിഷയത്തിൽ പൊതുജനങ്ങളുടെ ആശങ്ക ജീവനക്കാരും, രാവും പകലും ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ജീവനക്കാരുടെ വിഷമതകൾ പൊതുജനങ്ങളും പരസ്പരം മനസ്സിലാക്കി സ്വയം നിയന്ത്രണം പാലിച്ച് വനം വകുപ്പിന്റെ നടപടികളോട് സഹകരിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

# പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ പദ്ധതിയുമായി വ്യവസായ വകുപ്പ്

## 405 പദ്ധതികൾ റിയാബിന്റെ മേൽനോട്ടത്തിൽ നടപ്പാക്കും

വ്യവസായ വകുപ്പിന് കീഴിലുള്ള 41 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും മത്സരക്ഷമമാക്കാനുമായി 405 പദ്ധതികൾ നടപ്പാക്കും. പൊതുമേഖലാ സ്ഥാപനങ്ങൾ മാസ്റ്റർ പ്ളാനിന്റെ ഭാഗമായി തയ്യാറാക്കിയ പദ്ധതികളാണ് വ്യവസായ വകുപ്പ് നടപ്പാക്കുന്നത്. റിയാബിനാണ് മേൽനോട്ട ചുമതല. ഇതിന്റെ ഭാഗമായി റിയാബിനെയും പുനക്രമീകരിക്കുമെന്ന് വ്യവസായ മന്ത്രി പി. രാജീവ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

175 ഹ്രസ്വകാല പദ്ധതികളും 131 ഇടക്കാല പദ്ധതികളുമുണ്ട്. 99 എണ്ണം ദീർഘകാല പദ്ധതികളാണ്. ഏഴു വിഭാഗങ്ങളായി തിരിച്ചാണ് പദ്ധതികൾ നടപ്പാക്കുക. റിയാബ് പുനക്രമീകരിക്കുന്നതിന്റെ ഭാഗമായി പ്രോജക്ട് മാനേജ്മെന്റ് സംവിധാനം കൊണ്ടുവരും. ഇതിനായി സാങ്കേതിക, ഭരണ, ധനകാര്യ, ആസൂത്രണ വിദഗ്ധർ അടങ്ങിയ പ്രത്യേക ടീമുകൾ ഉണ്ടാവും. കെ. എം. എം. എലിന്റെ മുൻ എം. ഡി കൂടിയായ റോയ് കുര്യനാണ് പദ്ധതിയുടെ ഏകോപന ചുമതല. പദ്ധതി നടപ്പാക്കുന്നതോടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലെ പ്രതിവർഷ വരുമാനം 3321.37 കോടി രൂപയിൽ നിന്ന് 17538 കോടിയായി വർധിക്കുമെന്ന് മന്ത്രി പറഞ്ഞു. നിലവിലെ 14000 തൊഴിലവസരത്തിന് പുറമെ 5500 പുതിയ തൊഴിലവസരം നേരിട്ട് സൃഷ്ടിക്കപ്പെടും. ആറ് മാസത്തിനുള്ളിൽ ഡിപിആർ തയ്യാറാക്കി ഹ്രസ്വകാല പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കും.

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാധികാരം നൽകുന്നത് സംബന്ധിച്ച് രൂപരേഖ തയ്യാറാക്കുന്നതിനായി മുൻ ചീഫ് സെക്രട്ടറി പോൾ ആന്റണിയുടെ നേതൃത്വത്തിൽ മൂന്നംഗ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസാദ് പണിക്കർ, ഹരികുമാർ എന്നിവരാണ് അംഗങ്ങൾ. റിപ്പോർട്ട് മൂന്നു മാസത്തിനകം ലഭിക്കും. മികച്ച പൊതുമേഖലാ സ്ഥാനങ്ങൾക്കും മികച്ച എം. ഡി, തൊഴിലാളി എന്നിവർക്കും അവാർഡുകൾ നൽകും. മാധ്യമ റിപ്പോർട്ടിംഗിനും അവാർഡ് നൽകും.

കെൽട്രോണിന്റെ ഇലക്ട്രോണിക്സ് ഹബ് പദ്ധതിയും ആവിഷ്കരിക്കും. പവർ ഇലക്ട്രോണിക്സ്, മെഡിക്കൽ ഇലക്ട്രോണിക്സ്, ഡിഫൻസ് ഇലക്ട്രോണിക്സ്, സ്പേസ് ഇലക്ട്രോണിക്സ്, സിറാമിക് ചിപ് കപ്പാസിറ്റർ തുടങ്ങിയ മേഖലകൾ കേന്ദ്രീകരിച്ചാണ് ഹബ് പ്രവർത്തിക്കുക. ഇലക്ട്രിക് വാഹന സോൺ രൂപീകരിക്കുന്നതിന് പ്രത്യേക മാസ്റ്റർ പ്ളാനും ആവിഷ്കരിക്കും. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ കിൻഫ്രയുമായി ചേർന്ന് വ്യവസായ പാർക്കുകൾ വികസിപ്പിക്കുന്നതും പരിഗണനയിലുണ്ടെന്ന് മന്ത്രി പറഞ്ഞു.

# ഘീഴശതശേരെ  യൂണിഫൈഡ് ലോജിസ്റ്റിക്സ് ഇന്റർഫേസ് പ്ലാറ്റഫോം (ഡഘകജ) ഹാക്കത്തോണിനു തുടക്കം കുറിച്ച് കേന്ദ്രം

'ഘീഴശതശേരെ' എന്ന പേരിൽ ഒരു യൂണിഫൈഡ് ലോജിസ്റ്റിക്സ് ഇന്റർഫേസ് പ്ലാറ്റഫോം (ഡഘകജ) ഹാക്കത്തോണിനു

വ്യവസായ ആഭ്യന്തര വ്യാപാര പ്രോത്സാഹന വകുപ്പ് (ഉജകകഠ) തുടക്കം കുറിച്ചു. രാജ്യത്തെ ചരക്കുനീക്കമേഖലയ്ക്ക് ഗുണകരമാകുന്ന ആശയങ്ങൾ സമാഹരിക്കുന്നത് ലക്ഷ്യമിട്ടാണ് നീക്കം.

ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്ക്, ഏറ്റവും പുതിയ വിവരങ്ങൾ ലഭ്യമാകുന്ന ഒരു സുതാര്യ സംവിധാനത്തിന് രൂപം നൽകിക്കൊണ്ട്, രാജ്യത്തെ ചരക്കുനീക്ക മേഖലയുടെ മികവ് വർദ്ധിപ്പിക്കാനും, ചരക്കുനീക്ക നടപടികളുടെ ചിലവ് കുറയ്ക്കാനും ലക്ഷ്യമിട്ടുള്ളതാണ് ഡഘകജ.

നിതി ആയോഗ്, അടൽ ഇന്നോവഷൻ മിഷൻ എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന

ഘീഴശതശേരെനു ചകളഉഇ, ചകളഉഇ ലോജിസ്റ്റിക്സ് ഡാറ്റാ ബാങ്ക് സെർവിസസ് ലിമിറ്റഡ് (ചഘഉടഘ) എന്നിവയുടെ പിന്തുണയുണ്ട്. നിതി ആയോഗ് സിഇഒ ശ്രീ അമിതാഭ് കാന്ത് ഹാക്കത്തോണിനു തുടക്കം കുറിച്ചു

ഇന്ത്യയിലെ ചരക്കുനീക്ക നടപടികളുടെ ചെലവ് ഏകദേശം 14 ശതമാനം ആണ്. ഇത് മറ്റ് ലോക രാജ്യങ്ങളെക്കാൾ കൂടുതലാണ്. സ്വകാര്യമേഖല യിലെ മികച്ച ഇന്ത്യൻ സാങ്കേതിക സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് ചരക്കുനീക്ക നടപടികളുടെ ചെലവ് കുറയ്ക്കുന്ന തിന് സഹായകരമായ പരിഹാരങ്ങൾ കണ്ടെത്താൻ ഡഘകജ ലക്ഷ്യമിടുന്നു.

ചരക്കുനീക്കമേഖലയിലെ ഒരു സാങ്കേതിക വിദ്യ സംവിധാനമായാണ് ഡഘകജ വികസിപ്പിച്ചിരിക്കുന്നത്. വിവിധ മന്ത്രാലയങ്ങൾ, വകുപ്പുകൾ എന്നിവയ്ക്ക് കീഴിൽ പരസ്പര ബന്ധമില്ലാതെ പ്രവർത്തിക്കുന്ന നിലവിലെ സംവിധാനങ്ങൾ തമ്മിൽ ബഹുമുഖ തല സമ്പർക്കം യഥാർത്ഥ്യമാക്കാൻ ഇത് സഹായിക്കും. പൂർത്തിയാകുന്നതോടെ ആഗോള വ്യാപാര മേഖലയിലെ ഇന്ത്യയുടെ മത്സരക്ഷമത വർദ്ധിക്കുന്നതിന് ഇത് ഗുണം ചെയ്യും.

ചരക്കു നീക്ക വ്യവസായ മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, ഒരു ദേശീയതല പ്ലാറ്റ്ഫോമിൽ കോഡിങ്, പ്രത്യേക മേഖലകളിലെ പരിജ്ഞാനം, തന്ത്രപ്രധാന കഴിവുകൾ തുടങ്ങി തങ്ങളുടെ മികവ് പ്രദർശിപ്പിക്കാൻ ഡഘകജ യ്ക്ക് കീഴിലുള്ള മത്സര ഇനമായ ഘീഴശതശേരെ ഏവരെയും ക്ഷണിക്കുന്നു.

# കീഴിൽ സ്വയംസഹായസംഘ അംഗങ്ങളായ വനിതകൾക്ക് ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാക്കാൻ ഗ്രാമീണ വികസന മന്ത്രാലയം

ഉഅഥചഞഘങ നു കീഴിൽ സ്വയംസഹായസംഘ അംഗങ്ങളായ വനിതകൾക്ക് ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാക്കാൻ ഗ്രാമീണ വികസന മന്ത്രാലയം

ആസാദി കാ അമൃത മഹോത്സവത്തിന്റെ ഭാഗമായി ദീൻദയാൽ അന്ത്യോദയ യോജനദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിനു (ഉഅഥചഞഘങ) കീഴിൽ, രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട സ്വയംസഹായ സംഘ അംഗങ്ങളായ വനിതകൾക്ക് 5000 രൂപയുടെ ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാക്കുന്നതിന് ഗ്രാമീണ വികസന മന്ത്രാലയത്തിന് കീഴിലുള്ള ഗ്രാമീണ വികസന വകുപ്പ് സെക്രട്ടറി ശ്രീ നാഗേന്ദ്ര നാഥ് സിൻഹ 2021 ഡിസംബർ 18ന് തുടക്കം കുറിയ്ക്കും.

ഗ്രാമീണ സാമ്പത്തിക ഉൾച്ചേർക്കലുമായി ബന്ധപ്പെട്ട ഒരു സംവാദവും പരിപാടിയുടെ ഭാഗമായി നടക്കും. ബാങ്കുകൾ, സംസ്ഥാന മിഷനുകൾ എന്നിവിടങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥർ ഇതിൽ പങ്കെടുക്കും

ഉഅഥചഞഘങയ്ക്ക് കീഴിൽ 202021 കാലയളവിലെ ബാങ്കുകളുടെ മികച്ച പ്രകടനം അടിസ്ഥാനമാക്കിയുള്ള പുരസ്കാരങ്ങളും പ്രഖ്യാപിക്കും.

വിർചൽ രീതിയിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ എല്ലാ പൊതുമേഖലാ ബാങ്കുകൾ, സംസ്ഥാന ഗ്രാമീണ ഉപജീവന മിഷനുകളും പങ്കെടുക്കും. കൂടാതെ സംസ്ഥാനഗ്രാമീണ ഉപജീവന മിഷനുകളിലെ ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്

തിരഞ്ഞെടുക്കപ്പെട്ട സ്വയം സഹായ സംഘ അംഗങ്ങൾക്ക് 5000 രൂപയുടെ ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാക്കുമെന്ന് 201920 ലെ ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഗ്രാമീണ വികസന മന്ത്രാലയത്തിന് കീഴിലുള്ള ഉഅഥചഞഘങ, സ്വയം സഹായ സംഘ അംഗങ്ങളായ ഗ്രാമീണമേഖലയിലെ വനിതകൾക്ക് ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാക്കി തുടങ്ങിയിരുന്നു. സ്ത്രീകൾക്ക് അടിയന്തരമായി വരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുന്നതിന്റെ ഭാഗമായി ആയിരുന്നു നടപടി.

ഉഅഥചഞഘങനു കീഴിൽ സ്വയം സഹായ സംഘ അംഗങ്ങളായ അഞ്ചു കോടി വനിതകൾക്ക് ഈ സഹായത്തിനു അർഹത ഉണ്ടായിരിക്കുമെന്നാണ് കണക്കാക്കുന്നത്.

# കേരള നോളജ് ഇക്കോണമി മിഷൻ തൊഴിൽമേള ഇന്ന് (ഡിസംബർ 18)

കേരള സർക്കാരിന്റെ അഭിമാന പദ്ധതിയായ കേരള നോളജ് ഇക്കോണമി മിഷൻ പ്രവർത്തനങ്ങൾക്ക് 18 ന് പൂജപ്പുര എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമണിൽ നടക്കുന്ന തൊഴിൽ മേളയോടെ തുടക്കമാവും. ഗതാഗത മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്യും. 2021 ഫെബ്രുവരിയിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജെന്റ് സിസ്റ്റം (ഉണങട) പ്ലാറ്റ്ഫോം വഴിയാണ് അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് അവരുടെ അഭിരുചിക്കും നൈപുണ്യത്തിനും അനുയോജ്യമായ തൊഴിൽ തെരഞ്ഞെടുക്കുന്നതിന് അവസരമൊരുക്കുന്നത്. പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ലോഗിൻ ചെയ്ത് ജോബ് ഫെയറിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന ജില്ലകൾ തെരഞ്ഞെടുക്കാം. പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് അവരവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും നൈപുണ്യത്തിനും യോജിച്ച തൊഴിലവസരങ്ങൾ കണ്ടെത്താനും അവയിൽ അപേക്ഷിക്കാനും പ്ലാറ്റ്ഫോമിൽ സൗകര്യമുണ്ട്.

ജോബ് ഫെയറിൽ പങ്കെടുക്കുന്ന തൊഴിൽദായകർക്കും കമ്പനികൾക്കും അവരുടെ ആവശ്യങ്ങൾക്കനുസൃതമായ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ (വിദ്യാഭ്യാസ യോഗ്യത, പ്രൊഫഷണൽ സ്കിൽ, ജീവിത നൈപുണി, കമ്മ്യൂണിക്കേഷൻ സ്കിൽ, അസ്സസ്സ്മെന്റ് ആട്ടോമേറ്റഡ് ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യപ്പെട്ട പ്രൊഫൈലുകൾ) സിസ്റ്റത്തിൽ നിന്നുതന്നെ മനസ്സിലാക്കി ആവശ്യമായ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കാനും സൗകര്യമൊരുക്കിയിട്ടുണ്ട്.

പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾക്ക് കേരള നോളജ് മിഷൻ വെബ് സൈറ്റ് (h-ttp-s://www.know-l-e-d-g-em-i-ssion.k-er-a-l-a.gov.in) വഴി രജിസ്റ്റർ ചെയ്ത് ജോബ് ഫെയറിലും ജോബ് റെഡിനെസ്സ് പരിശീലനത്തിലും പങ്കെടുക്കാം.

ഐ.ടി ഐ.ടി.എസ്, എൻജിനിയറിങ്, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഹോസ്പിറ്റാലിറ്റി, ഹെൽത്ത് കെയർ, ബ്യൂട്ടി ആന്റ് വെൽനസ്, എഡ്യൂക്കേഷൻ, റീട്ടെയിൽ കൺസ്ട്രക്ഷൻ ലോജിസ്റ്റിക്സ് തുടങ്ങിയ മേഖലകളിലെ ഇന്ത്യയിലെയും വിദേശത്തുമുള്ള പ്രമുഖ കമ്പനികളായ ടി.സി.എസ്, ഐ.ബി.എസ്, യു.എസ്.ടി ഗ്ലോബൽ, ടാറ്റാ, ലെക്സി, നിസാൻ, എസ്.ബി.ഐ ലൈഫ്, എച്ച്.ഡി.എഫ്.സി, കാസ് കോർപ്പ്, ഐ.സി.ഐ.സി.ഐ, എസ്.എഫ്.ഒ ടൂൺസ് തുടങ്ങിയ പ്രമുഖ കമ്പനികൾ ജോബ് ഫെയറിൽ പങ്കെടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

# എഫ്. സി. ഐ യിൽ നിന്നുള്ള ഭക്ഷ്യ ധാന്യവിട്ടെടുപ്പിന് മാതൃകാ നടപടി രേഖ തയ്യാറായി

ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ വിവിധ ഗോഡൗണുകളിൽ നിന്നും സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം വഴിയുള്ള വാതിൽപ്പടി വിതരണത്തിനായി ഭക്ഷ്യ ധാന്യങ്ങൾ വിട്ടെടുക്കുന്നതിനുള്ള മാതൃകാനടപടി രേഖ തയ്യാറായി.

ഭക്ഷ്യസിവിൽ സപ്ലൈസ് മന്ത്രി ജി. ആർ. അനിലിന്റെ സാന്നിധ്യത്തിൽ സിവിൽ സപ്ലൈസ് കമ്മീഷണർ ഡോ. ഡി. സജിത് ബാബുവും എഫ്.സി.ഐ കേരള ജനറൽ മാനേജർ വിജയ് കുമാർ യാദവും രേഖ ഒപ്പിട്ട് കൈമാറി.

ഭക്ഷ്യ ധാന്യങ്ങൾ വിട്ടെടുക്കുന്നതിന് മുമ്പായി സംസ്ഥാന സർക്കാരിന്റെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഗുണനിലവാരം ഉറപ്പുവരുത്താനും സാമ്പിളുകൾ ശേഖരിക്കാനുമാണ് രേഖ നിർദ്ദേശിക്കുന്നത്.

സാമ്പിളുകൾ പരിശോധന നടത്തി അധികാരികൾ ഒപ്പുവച്ച് സീൽ ചെയ്തു സൂക്ഷിക്കും.

മൂന്ന് സാമ്പിൾ പായ്ക്കറ്റുകൾ തയ്യാറാക്കി ഒരു പായ്ക്കറ്റ് വിട്ടെടുപ്പ് നടത്തുന്ന വകുപ്പിന്റെ പക്കലും, ഒന്ന് എഫ്. സി. ഐ യുടെ ജില്ലാ കാര്യാലയത്തിലും മറ്റൊന്ന് വിട്ടെടുത്ത ഗോഡൗണിലും സൂക്ഷിക്കും. ഭക്ഷ്യ ധാന്യങ്ങളുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നത് എഫ്.സി.ഐ യുടെ പ്രാഥമിക ചുമതലയായിരിക്കും.

കീറിയതോ ദ്രവിച്ചതോ ആയ ചാക്കുകളിൽ ഭക്ഷ്യ ധാന്യം വിതരണം ചെയ്യുന്നില്ലെന്ന് എഫ്.സി.ഐ അധികൃതർ ഉറപ്പുവരുത്തും.

50 കിലോഗ്രാമിന്റെ ബാഗുകളിൽ ധാന്യങ്ങളുടെ വിതരണം നടത്താൻ എഫ.സി.ഐ നടപടി സ്വീകരിക്കും. അളവിനെയോ ഗുണത്തെയോ സംബന്ധിച്ചുണ്ടാകുന്ന സാധാരണ തർക്കങ്ങൾ കൈകാര്യം ചെയ്യാൻ ഭക്ഷ്യകമ്മീഷൻ പ്രതിനിധി, എഫ്.സി.ഐ ഡിവിഷണൽ മാനേജർ, ജില്ലാ സപ്ലൈ ഓഫീസർ, എഫ്.സി.ഐ ഡിപ്പോ മാനേജർ എന്നിവരടങ്ങിയ സമിതി രൂപീകരിക്കും.

എഫ്. സി. ഐ യിലെ ചുമട്ടുതൊഴിലാളികൾ സിവിൽ സപ്ലൈസ് വകുപ്പിന്റേയോ സപ്ലൈകോയുടെയോ ട്രാൻസ്പോർട്ടിംഗ് കോൺട്രാക്റ്റർമാരിൽ നിന്ന് യാതൊരു വിധ അട്ടിക്കൂലി ആവശ്യപ്പെടാൻ പാടില്ല.

ഇക്കാര്യത്തിൽ വരുന്ന പരാതികളിൽ എഫ്.സി.ഐ ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് കരാറിൽ വ്യവസ്ഥയുണ്ട്.

## അപേക്ഷ ക്ഷണിച്ചു

സർക്കാർ മെഡിക്കൽ കോളജിലെ ജൂനിയർ റെസിഡന്റ് തസ്തികയിലെ താൽക്കാലിക നിയമനത്തിന് അപേക്ഷിക്കാം.

അവസാന തീയതി ഡിസംബർ 26.

വിവരങ്ങൾക്ക്ഫോ www.gm-c-ko-l-l-am.e-du.in.

# വിവാഹ പൂർവ കൗൺസിലിങ് നിർബന്ധമാക്കണം: വനിതാ കമ്മീഷൻ

വിവാഹ പൂർവ കൗൺസിലിങ് നിർബന്ധമാക്കണമെന്ന് വനിതാ കമ്മീഷൻ അധ്യക്ഷ പി. സതീദേവി. ആശ്രാമം സർക്കാർ അതിഥി മന്ദിരത്തിൽ നടന്ന വനിതാ കമ്മീഷൻ അദാലത്തിലാണ് പരാമർശം.

വിവാഹം കഴിഞ്ഞ് ചുരുങ്ങിയ കാലയളവിൽ തന്നെ ഭർതൃഗൃഹത്തിൽ ഗാർഹിക പീഡനം നേരിടുന്നു എന്ന പരാതിയുമായി ഒട്ടേറെ സ്ത്രീകളാണ് വനിതാകമ്മീഷനെ സമീപിക്കുന്നത്. വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് അംഗീകൃത കേന്ദ്രങ്ങളിൽ വിവാഹ പൂർവ്വ കൗൺസിലിങ്ങിൽ വധൂവര ൻമാർ നിർബന്ധമായും പങ്കെടുക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

വയോജനങ്ങൾക്ക് പരിരക്ഷ ലഭിക്കുന്നില്ലെന്ന പരാതികളും നിരന്തരം എത്തുന്നു.

വൃദ്ധമാതാപിതാക്കളുടെ സംരക്ഷണം ഉറപ്പാക്കുന്നതിൽ മക്കൾ വിമുഖത കാട്ടുന്നതിൽ ആശങ്ക രേഖപ്പെടുത്തി. 85 വയസ്സായ മാതാവിനെ അഞ്ച് മക്കളും സംരക്ഷിക്കുന്നില്ലെന്ന് കാണിച്ച് കമ്മീഷനിൽ എത്തിയ പരാതി പരിഗണിക്കവേയാണ് നിരീക്ഷണം.

വയോജനങ്ങളുടെ പ്രശ്നങ്ങൾ അതിവേഗം പരിഹരിക്കുന്നതിന് വാർഡ്തല ജാഗ്രതാ സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്നും നിർദ്ദേശിച്ചു.

കമ്മീഷനിൽ തീർപ്പാക്കിയ കേസുകളിൽ ഒത്തുതീർപ്പ് വ്യവസ്ഥ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ സഹായത്തോടെ പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമെന്നും വ്യക്തമാക്കി.

അദാലത്തിൽ 100 പരാതികൾ പരിഗണിച്ചു, 22 എണ്ണം തീർപ്പാക്കി. നാല് പരാതികൾ റിപ്പോർട്ട് തേടുന്നതിനായും 74 എണ്ണം അടുത്ത അദാലത്തിലേക്കും മാറ്റി.

കമ്മീഷൻ അംഗങ്ങളായ ഷാഹിദാ കമാൽ, ഇ.എം രാധ, എം.എസ്. താര, എസ്. ഐ അനിതാ റാണി, കൗൺസിലർ സിസ്റ്റർ സംഗീത തുടങ്ങിയവർ പങ്കെടുത്തു.

# പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി പി. പ്രസാദ് നിർവഹിച്ചു
# കേരഗ്രാമമാകാനൊരുങ്ങി ചടയമംഗലം

നാളികേരത്തിന്റെ ഉല്പാദന വർധന, വിലത്തകർച്ച രോഗകീടാക്രമണം വഴിയുള്ള പ്രതിസന്ധിക്ക് പരിഹാരം എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതി ചടയമംഗലത്തും. ഇളമാട്, വെളിനല്ലൂർ, ചടയമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിലെ 250 ഹെക്ടർ സ്ഥലത്താണ് യാഥാർഥ്യമാക്കുക. ഉദ്ഘാടനം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിച്ചു.

നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത വർധിപ്പിക്കാൻ നാളികേര കൗൺസിൽ മുഖേന ഓരോ വർഷവും 15 ലക്ഷം തെങ്ങിൻ തൈകൾ വിതരണം ചെയ്യാൻ പരിപാടിയുണ്ട്. ഓരോ ഗ്രാമപഞ്ചായത്ത് വാർഡുകളിലും 75 തൈകൾ വീതം നൽകും. 84 കേരഗ്രാമങ്ങളാണ് സർക്കാരിന്റെ ലക്ഷ്യം. മൂന്നുവർഷത്തേക്ക് വിഭാവനം ചെയ്തിട്ടുള്ള പദ്ധതി തുടരാനാകണം. നാളികേരത്തിന്റെ വ്യത്യസ്ത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വെളിച്ചെണ്ണയും ചടയമംഗലം ബ്രാൻഡിൽ ഉൽപാദിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. വീട്ടുവളപ്പിലും മട്ടുപ്പാവിലും കൃഷി ചെയ്യാൻ താൽപര്യമുള്ളവർക്ക് ആവശ്യമായ വിത്തും തൈകളും നൽകാൻ കൃഷിവകുപ്പ് തയ്യാറാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി അധ്യക്ഷയായി. നാളികേരവും വെളിച്ചെണ്ണയും ന്യായമായ വിലയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമുള്ള പദ്ധതിയാണ് കേരഗ്രാമത്തിലൂടെ യാഥാർത്ഥ്യമാകുന്നത്. നാളികേര കർഷകരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇതു സഹായകമാകും. മായം കലർത്താത്ത നാളികേര ഉൽപ്പന്നങ്ങൾ ഉറപ്പാക്കാനാണ് ശ്രമം എന്നും മന്ത്രി പറഞ്ഞു.

മുതിർന്ന കർഷകരെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ ആദരിച്ചു. ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലതിക വിദ്യാധരൻ, വൈസ് പ്രസിഡന്റ് ഹരി വി. നായർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെ.വി. ബിന്ദു, ഇളമാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വാളിയോട് ജേക്കബ്, വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. അൻസർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ കെ. എസ്. ഷീബ, ചടയമംഗലം കൃഷി അസിസ്റ്റന്റ് ഡയറക്ടർ വി.എസ്. രാജലക്ഷ്മി തുടങ്ങിയവർ പങ്കെടുത്തു.

കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നുള്ള വരുമാനം സമ്പത്ത് വ്യവസ്ഥയുടെ സുപ്രധാന ഘടകമെന്ന് തിരിച്ചറിഞ്ഞ് കൃഷിക്ക് മുന്നിട്ടിറങ്ങാൻ കഴിയുന്നത്ര തയ്യാറാകണമെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും ചടയമംഗലം ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതിയുടെയും സംയുക്ത ആഭിമുഖ്യത്തിലുള്ള ഇക്കോ ഷോപ്പിന്റെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ വിപണന യൂണിറ്റിന്റെയും ഉദ്ഘാടനം ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

ജീവിതശൈലി രോഗങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ വിഷരഹിത പച്ചക്കറി ഉൽപാദിപ്പിക്കുന്നതിന്റെ പ്രാധാന്യമേറെയാണ്. 'ഞാനും കൃഷിയിലേക്ക്' എന്ന മുദ്രാവാക്യം ഉയർത്തി എല്ലാവരും കൃഷിയിലേക്ക് ഇറങ്ങണം. കുടുംബശ്രീ, ഹോർട്ടികോർപ്പ് ഇക്കോ ഷോപ്പുകൾ എന്നിവ വിപണനകേന്ദ്രങ്ങളാക്കണമെന്നും മന്ത്രി പറഞ്ഞു.

മൃഗസംരക്ഷണക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി അധ്യക്ഷയായി. ചടയമംഗലം മണ്ഡലത്തിൽ കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകിയുള്ള പദ്ധതികൾക്ക് വലിയ സാധ്യതയുണ്ട്. ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിൽ ത്രിതല പഞ്ചായത്തുകൾ മുൻകൈയെടുക്കുകയാണ്. പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കർഷകരിൽ നിന്നും പച്ചക്കറി നേരിട്ട് വാങ്ങി പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

മുതിർന്ന കർഷകരായ എൻ. പ്രകാശ്, കെ. കെ പൊന്നമ്മ എന്നിവരെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ ആദരിച്ചു. ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലതിക വിദ്യാധരൻ, വൈസ് പ്രസിഡന്റ് ഹരി വി. നായർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെ. വി ബിന്ദു, ബ്ലോക്ക് സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ കെ. ഉഷ, ജയന്തി ദേവി, ദിനേഷ് കുമാർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ കെ.എസ് ഷീബ, ചടയമംഗലം കൃഷി അസിസ്റ്റന്റ് ഡയറക്ടർ വി.എസ് രാജലക്ഷ്മി തുടങ്ങിയവർ പങ്കെടുത്തു.

# തലസ്ഥാനത്തെ ലുലു ഷോപ്പിംഗ് മാൾ തുറന്നു

തിരുവനന്തപുരം: രാജ്യത്തെ ഏറ്റവും വലിയ ഷോപ്പിംഗ് മാളുകളിലൊന്നായ തിരുവനന്തപുരം ലുലു മാൾ മുഖ്യമന്ത്രി പിണറായി വിജയൻ ജനങ്ങൾക്കായി തുറന്നുകൊടുത്തു. മാളിൽ ഇന്നു രാവിലെ ഒമ്പത് മുതൽ പൊതുജനങ്ങൾക്ക് പ്രവേശനം നൽകും. 1971 ലെ ഇന്ത്യപാക് യുദ്ധ വിജയവും ധീര സൈനികരെയും സ്മരിച്ച് ഒരു നിമിഷത്തെ മൗനാചരണത്തോടെയാണ് മാളിന്റെ ഉദ്ഘാടന ചടങ്ങുകൾക്ക് തുടക്കം കുറിച്ചത്. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അധ്യക്ഷനായി. ഭക്ഷ്യമന്ത്രി ജി ആർ അനിൽ, എംപിമാരായ ശശി തരൂർ, ജോസ് കെ മാണി, മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, എംഎൽഎമാരായ രമേശ് ചെന്നിത്തല, പി കെ കുഞ്ഞാലിക്കുട്ടി, കടകംപള്ളി സുരേന്ദ്രൻ, ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ, സിനിമാതാരം മമ്മൂട്ടി തുടങ്ങി ഉദ്യോഗസ്ഥരാഷ്ട്രീയസാമൂഹികസാംസ്കാരിക മേഖലയിലെ നിരവധി പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു. യുഎഇ വിദേശ വ്യാപാര മന്ത്രി ഡോ. താനി അഹമ്മദ് അൽ സെയ്ദി മുഖ്യാതിഥിയും ഇന്ത്യയിലെ യുഎഇ അംബാസഡർ ഡോ. അഹമ്മദ് അബ്ദുർറഹ്മാൻ അൽ ബന്ന പ്രത്യേക ക്ഷണിതാവുമായിരുന്നു. കേന്ദ്രമന്ത്രി വി മുരളീധരൻ വീഡിയോ സന്ദേശം നൽകി.

കേരളത്തിന്റെ വികസന പദ്ധതികൾക്ക് തടസം നിൽക്കുന്നവരെ പ്രതിപക്ഷ നേതാവിന്റെ സാന്നിധ്യത്തിൽ രൂക്ഷമായി മുഖ്യമന്ത്രി വിമർശിച്ചു. വികസനത്തിനായി കേരളത്തിന് വേണ്ടി തന്റെ പരമാവധി ശേഷി വിനിയോഗിക്കുന്ന വ്യവസായിയാണ് എം എ യൂസഫലിയെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിലെ മറ്റൊരു സ്വപ്ന പദ്ധതി യാഥാർത്ഥ്യമാക്കിയതിൽ ഏറെ സന്തോഷവും അഭിമാനവുമുണ്ടെന്ന് ലുലു ഗ്രൂപ്പ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ എം എ യൂസഫലി സ്വാഗത പ്രസംഗത്തിൽ പറഞ്ഞു. കേരളം നിക്ഷേപ സൗഹൃദ സംസ്ഥാനമാണ്. ഇതിനായി എല്ലാവിധ പിന്തുണയും പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ നൽകുന്നുണ്ട്. സംസ്ഥാനത്ത് കൂടുതൽ പദ്ധതികൾ കൊണ്ടുവരുന്നതിലൂടെ കൂടുതൽ പേർക്ക് തൊഴിൽ നൽകാനാകും. തിരുവനന്തപുരത്തെ ലുലു മാളിൽ നേരിട്ടും അല്ലാതെയും പതിനായിരത്തിലധികം പേർക്കാണ് ജോലി നൽകിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ലുലു മാൾ പരിസ്ഥിതി സൗഹൃദമായ നിർമാണം ഉറപ്പുവരുത്തിയതിന് ഇന്ത്യൻ ഗ്രീൻ ബിൽഡിംഗ് കൗൺസിൽ നൽകിയ ഗോൾഡ് സർട്ടിഫിക്കറ്റ് ചടങ്ങിൽ ലുലു ഗ്രൂപ്പിന് കൈമാറി. കൗൺസിൽ ചെയർമാൻ വി സുരേഷ് ആണ് സർട്ടിഫിക്കറ്റ് കൈമാറിയത്.

രാജ്യത്തെ ഏറ്റവും വലിയ ഷോപ്പിംഗ് മാളുകളിലൊന്നായ തലസ്ഥാനത്തെ ലുലു മാൾ രണ്ടായിരംകോടി രൂപ നിക്ഷേപത്തിൽ ഏകദേശം ഇരുപത് ലക്ഷത്തോളം ചതുരശ്രയടി വിസ്തീർണത്തിലാണ് പണികഴിപ്പിച്ചത്. രണ്ടു ലക്ഷം ചതുരശ്രയടി വിസ്തീർണത്തിലുള്ള ലുലു ഹൈപ്പർമാർക്കറ്റാണ് മാളിന്റെ മുഖ്യ ആകർഷണം. ഇതോടൊപ്പം 200ൽ പരം രാജ്യാന്തര ബ്രാൻഡുകളും ഖാദി ഉല്പന്നങ്ങളും ലുലു മാളിലെ ഷോപ്പുകളിലുണ്ട്. ഒരേ സമയം 2,500പേർക്ക് ഇരുന്ന് ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള ഫുഡ് കോർട്ട് മാളിന്റെ മറ്റൊരു പ്രധാന ആകർഷണമാണ്. കുട്ടികൾക്കായി ഫൺട്യൂറ എന്ന ഏറ്റവും വലിയ എന്റർടെയ്ൻമെന്റ് സെന്ററും മാളിലുണ്ട്. ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെ 3,500 ലധികം വാഹനങ്ങൾ പാർക്ക് ചെയ്യാവുന്ന എട്ട് നിലകളിലായുള്ള മൾട്ടിലെവൽ പാർക്കിംഗ് സംവിധാനവും ഉപഭോക്താക്കൾക്കായി ഒരുക്കിയിട്ടുണ്ട്.

## ടെക്നോളജി ക്ലിനിക്ക്

ജില്ലാ വ്യവസായ കേന്ദ്രം ലൈറ്റ് എഞ്ചിനീയറിംഗ്, കൺസ്ട്രക്ഷൻ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നവർക്കും നടത്തിക്കൊണ്ടിരിക്കുന്നവർക്കുമായി ടെക്നോളജി ക്ലിനിക് സംഘടിപ്പിച്ചു. പുതിയ ഉൽപ്പന്നങ്ങൾ കണ്ടെത്തുന്നതിനും വിപുലീകരണം നടത്തുന്നതിനും സ്വീകരിക്കേണ്ട മാർഗങ്ങളും നടപടികളുമാണ് ഇൻസ്റ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ അക്കാദമിയിലെ ദ്വിദിന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ ഡയറക്ടർ ഡോ. കെ. സുനിൽ കുമാർ ഉദ്ഘാടനം നിർവഹിച്ചു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ബിജു കുര്യൻ അധ്യക്ഷനായി.കെ. എസ്. എസ്. എസ്. ഐ. ജില്ലാ പ്രസിഡണ്ട് ശ്രീ. രാജീവ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ദിനേഷ്, കിരൺ എന്നിവർ പങ്കെടുത്തു.

പ്രമുഖ പൊതുമേഖലാ സ്ഥാപനങ്ങളായ ഐ. ആർ. ഇ, കെ. എം. എം. എൽ എന്നിവയിൽ നിന്ന് ചെറിയ യൂണിറ്റുകൾക്ക് ലഭ്യമാകുന്ന ഉൽപ്പന്നങ്ങളുടെ ഓർഡറുകൾ സംബന്ധിച്ച് സ്ഥാപനങ്ങളിലെ വിദഗ്ധർ ക്ലാസെടുത്തു. മേഖലയിൽ ക്ലസ്റ്റർ രൂപവത്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച ക്ലാസ് ഇന്ന് (ഡിസംബർ 14) നടത്തും.

## രജിസ്ട്രേഷൻ പുതുക്കണം

കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, മോട്ടർ തൊഴിലാളി നിയമം എന്നിവ ബാധകമായ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഡിസംബർ 20നകം പുതുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു. ഠഠഠ.ഹര.സല്യമഹമ.ഴീ.ശി വെബ്സൈറ്റ് മുഖേനയാണ് പുതുക്കേണ്ടത്.

## വോക്ക് ഇൻ ഇന്റർവ്യൂ

ആരോഗ്യവകുപ്പിന്റെ ദേശീയ വൈറൽ ഹെപ്പറ്റൈറ്റിസ് നിയന്ത്രണ പരിപാടിയിലേക്ക് പിയർ എഡ്യൂക്കേറ്റർ/സപ്പോർട്ടർ തസ്തികയിൽ രണ്ട് ഒഴിവുണ്ട്. പ്ലസ് ടു, മലയാളംഇംഗ്ലീഷ് ഭാഷാപ്രാവീണ്യം, കമ്പ്യൂട്ടർ പരിജ്ഞാനം എന്നിവയാണ് യോഗ്യത. ഹെപ്പറ്റൈറ്റിസ് ബി/സി രോഗം വന്ന് ഭേദമായവർ ആയിരിക്കണം.

ഡിസംബർ 16 ന് ജില്ലാ ടി. ബി.സെന്ററിലെ എൻ. എച്ച്. എം. ഹാളിൽ രാവിലെ ഒമ്പതിനാണ് ഇന്റർവ്യൂ. ശമ്പളംപ്രതിമാസം 10,000 രൂപ. ഹെപ്പറ്റൈറ്റിസ് രോഗബാധ തെളിയിക്കുന്നതുൾപ്പെടെയുള്ള അസൽ സർട്ടിഫിക്കറ്റുകൾ, പകർപ്പ് എന്നിവ സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0474 2795017.

## സർട്ടിഫിക്കറ്റ് ഡിപ്ലോമ കോഴ്സുകൾ

എസ്. ആർ. സി. കമ്മ്യൂണിറ്റി കോളജ് വിവിധ സർട്ടിഫിക്കറ്റ്ഡിപ്ലോമ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ഡിസംബർ 15. 18ന് മുകളിൽ പ്രായമുള്ള ആർക്കും അപേക്ഷിക്കാം. ഉയർന്ന പ്രായപരിധിയില്ല. കോഴ്സ് വിവരങ്ങൾ വെബ്സൈറ്റിലും ഓഫീസിലും ലഭ്യമാണ്. വിലാസംഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം 695033. ഫോൺ 04712325101, 2326101, 8281114464.

## പ്രവാസി ക്ഷേമനിധി: വ്യാജ വാർത്തകളിൽ വഞ്ചിതരാകരുതെന്ന് സി. ഇ. ഒ

'കേരള പ്രവാസി ക്ഷേമനിധിയിൽ അംഗത്വമുള്ള, നാട്ടിൽ സ്ഥിരതാമസമാക്കിയവരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പിന് സെക്രട്ടറി, കേരള പ്രവാസി വെൽഫെയർ ഓർഗനൈസേഷൻ, പ്രവാസി ഭവൻ, കൊല്ലം1 എന്ന വിലാസത്തിൽ 15ന് മുമ്പ് അപേക്ഷിക്കാം' എന്ന രീതിയിൽ വന്ന പത്രവാർത്തക്ക് കേരള പ്രാവാസി കേരളീയ ക്ഷേമ ബോർഡുമായി യാതൊരു ബന്ധവുമില്ലെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ക്ഷേമ നിധി ആനുകൂല്യങ്ങൾക്ക് ബോർഡിലേക്ക് നേരിട്ടാണ് അപേക്ഷിക്കേണ്ടത്. ഇതിന് ഓൺലൈനായി ഠഠഠ.ു്യമ്മശെസല്യമഹമ.ീൃഴ എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം. ഈ വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള നിർദ്ദിഷ്ട അപേക്ഷ ഫാറം ഡൗൺലോഡ് ചെയ്ത് ഓഫ്ലൈനായും അപേക്ഷിക്കാം. വ്യാജ വാർത്തകളിൽ വഞ്ചിതരാകാതെ പ്രവാസി കേരളീയ ക്ഷേമ ബോർഡുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുകയോ ക്ഷേമനിധി ഓഫീസുമായി ഫോൺ മുഖേനയോ ഇമെയിൽ വഴിയോ ബന്ധപ്പെടുകയോ വേണമെന്നും അറിപ്പിൽ പറയുന്നു.

## ന്യായവിലയ്ക്ക് പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് ഉപഭോക്താക്കളിലേക്കെത്തും

തിരുവനന്തപുരം: ന്യായവിലയ്ക്ക് പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് ഉപഭോക്താക്കൾക്ക് എത്തിക്കുന്ന പുതിയ സംരംഭമായ 'തക്കാളി വണ്ടി' കൃഷി മന്ത്രി പി പ്രസാദ് ഫ്ലാഗ് ഓഫ് ചെയ്തു. നിയമസഭാമന്ദിരത്തിനു മുന്നിൽ നടന്ന ചടങ്ങിലാണ് ഫ്ലാഗ് ഓഫ് നടന്നത്. മറ്റു ജില്ലകളിൽ ഇന്നു മുതൽ തക്കാളി വണ്ടി ഓടിത്തുടങ്ങും.

വിഎഫ്പിസികെയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും, ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറികളുമാണ് കൃഷി വകുപ്പ് നേരിട്ട് സംഭരിച്ച് ഗുണഭോക്താക്കൾക്ക് എത്തിക്കുന്നത്. തക്കാളി, മുരിങ്ങക്ക, പച്ചമുളക് എന്നിവ ഇത്തരത്തിൽ വിലകുറച്ച് ജനങ്ങൾക്ക് നൽകാനാകും. ആദ്യഘട്ടത്തിൽ 28 വണ്ടികളാണെങ്കിലും ആവശ്യമനുസരിച്ച് കൂടുതൽ വണ്ടികൾ ഇത്തരത്തിൽ ഉപഭോക്താക്കളിലേക്ക് എത്തിക്കും.

കേരളത്തിലെ വിവിധയിടങ്ങൾ, അയൽ സംസ്ഥാനങ്ങൾ, ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് തക്കാളിയും മറ്റു പച്ചക്കറികളും സംഭരിച്ച് വിതരണം ചെയ്യാൻ കൃഷി വകുപ്പ് നടപടി സ്വീകരിച്ചതായും മന്ത്രി പറഞ്ഞു. വരുംകാലത്ത് ഇത്തരം സാഹചര്യം മുൻകൂട്ടി കണ്ട് ഇടപെടൽ നടത്തുന്നതിന് കൃഷി സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൃഷി ഡയറക്ടർ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പച്ചക്കറി വിതരണ മേഖലയിലെ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് ഒരു കരുതൽ ധനം കൃഷി ഡയറക്ടർക്ക് നൽകുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. ഈ പണം ഉപയോഗിച്ച് ഇതര സംസ്ഥാനങ്ങളിൽ നിന്ന് പച്ചക്കറി സംഭരിച്ച് വിതരണം ചെയ്യാൻ കൃഷിവകുപ്പിന് സാധിക്കും. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് പച്ചക്കറി സംഭരിക്കുന്നതിനായി ഒരു സ്ഥിരം കമ്മിറ്റി കൃഷി ഡയറക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

40 ടൺ പച്ചക്കറി വീതം പ്രതിദിനം മറ്റു സംസ്ഥാനങ്ങളിൽ നിന്ന് സംഭരിച്ച് ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പന ശാലകളിലൂടെ വില്പന നടത്തുന്നുണ്ട്. 170 ടൺ പച്ചക്കറി പ്രാദേശികമായി വിഎഫ്പിസികെ വഴി സംഭരിച്ച് വിൽക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

## നടക്കുന്നത് വ്യാപകമായ വഖഫ് കൊള്ള: ഐഎൻഎൽ

കണ്ണൂർ: വഖഫ് ഭൂമിയിൽ മുസ്‌ലിം ലീഗിന്റെ നേതൃത്വത്തിൽ വ്യാപകമായ വഖഫ് കൊള്ളയാണ് നടക്കുന്നതെന്ന് ഇന്ത്യൻ നാഷണൽ ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി കാസിം ഇരിക്കൂർ ആരോപിച്ചു. വഖഫ് ബോർഡിൽ ലീഗ് നിയമിച്ച ഉദ്യോഗസ്ഥരും ഈ കൂട്ടുകച്ചവടത്തിൽ പ്രതികളാണ്. സംസ്ഥാന വ്യാപകമായി അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ വീണ്ടെടുക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി വേണം. ഇത് സംബന്ധിച്ച് മുഖ്യമന്ത്രിക്ക് നിവേദനം നൽകും. വഖഫ് ഭൂമിയിലാണ് ലീഗിന്റെ നിലനിൽപ്പ്. ഒരു മാഫിയ തന്നെ ലീഗിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലുടനീളം വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെടുകയോ നശിപ്പിക്കപ്പെടുകയോ കൊള്ളയടിക്കുകയോ ചെയ്തിട്ടുണ്ട്. അത് കണ്ടെത്താൻ ഓരോ ജില്ലയിലും സ്പെഷ്യൽ ഓഫീസർമാരെ നിയമിച്ച് നടപടി വേണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ഈ വിഷയത്തിൽ സമഗ്രവും ശാസ്ത്രീയവുമായ അന്വേഷണത്തിന് സർക്കാർ ഉത്തരവിടണം. വഖഫുകൾ തിരിച്ച് പിടിക്കുക മാത്രമല്ല ദൈവമാർഗത്തിൽ സമർപ്പിച്ച സ്വത്തുകൾ അഴിമതിയുടെ ഉപാധിയായി മാറ്റിയ എല്ലാവരെയും നിയമത്തിന് മുന്നിൽ കൊണ്ടു വരണം. കേരളത്തിലെ ഏറ്റവും വലിയ വഖഫ് കൊള്ള നടന്നിട്ടുള്ളത് തളിപ്പറമ്പിലാണ്. തളിപ്പറമ്പ് ജമാഅത്ത് പള്ളി ട്രസ്റ്റിന്റെ കീഴിൽ 1965ലെ റീ സർവ്വെയിൽ 637.50 ഏക്കർ സ്ഥലം ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്നുള്ളത് വെറും 95 ഏക്കർ മാത്രമാണ്. അതിന് പിന്നിൽ ജമാഅത്ത് ഭരണം കയ്യാളിയ ലീഗുകാരാണ്. തളിപ്പറമ്പിലെ ലീഗ് ഓഫിസ് കെട്ടിടം പ്രവർത്തിക്കുന്നത് വഖഫ് ഭൂമിയിലാണ്. തൃക്കരിപ്പൂരിൽ ലീഗ് നേതാവ് എം സി ഖമറുദ്ധീന്റെ നേതൃത്വത്തിൽ ജാമിഅ സഅദിയ്യ ഇസ്ലാമിയ എന്ന സ്ഥാപനത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത ആറ് കോടി വില മതിക്കുന്ന 4.15 ഏക്കർ സ്ഥലം തൃക്കരിപ്പൂർ എജുക്കേഷൻ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന് കൈമാറിയത് 30 ലക്ഷം രൂപക്കാണ്. ചെമ്പിരിക്ക ഖാസിയുടെ മരണത്തിന് ഇതുമായി ബന്ധമുണ്ടോയെന്ന് അന്വേഷിക്കേണ്ടതുണ്ട്. കഴിവും പ്രാപ്തിയുമുള്ള ഉദ്യോഗസ്ഥർ വഖഫ് ബോർഡിൽ നിയമിക്കപ്പെടുന്നതോടെ തങ്ങളുടെ അവിഹിത ഇടപെടലുകൾ അസാധ്യമാകുമെന്നും അത്തരം വെട്ടിപ്പുകൾ പിടിക്കപ്പെടുമെന്നുമുള്ള ഭയമാണ് പിഎസ്‌സി നിയമനത്തെ ലീഗ് എതിർക്കാൻ കാരണം. ഇപ്പോഴുള്ള എല്ലാ ഉദ്യോഗസ്ഥരെയും നിയമിച്ചത് ലീഗാണ്. അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ച് പിടിക്കാനുള്ള ശ്രമങ്ങൾക്ക് ഐഎൻഎൽ നേതൃത്വം നല്കും. ഇതുമായി ബന്ധപ്പെട്ട് ക്യാമ്പയിൻ സംഘടിപ്പിക്കുമെന്നും കണ്ണൂരിൽ നിന്ന് ഇതിന് തുടക്കം കുറിക്കുമെന്നും കാസിം ഇരിക്കൂർ വ്യക്തമാക്കി.

## പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താൻ നിയമസഭാ നിരീക്ഷണ സംഘം

തിരുവനന്തപുരം: പൊതുമരാമത്ത് വകുപ്പിന്റെ വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നിയമസഭാ മണ്ഡല നിരീക്ഷണ സംഘങ്ങൾ രൂപീകരിക്കുമെന്ന് പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞു. സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലും ഉന്നത ഉദ്യോഗസ്ഥർ നേരിട്ട് എത്തി പ്രവൃത്തികൾ വിലയിരുത്തുമെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

മണ്ഡലാടിസ്ഥാനത്തിൽ റോഡുകളുടെ പ്രവൃത്തികൾ, കെട്ടിടങ്ങളുടെ അവസ്ഥ, പരിപാലന സ്ഥിതി, റസ്റ്റ് ഹൗസുകളുടെ സ്ഥിതി തുടങ്ങിയ കാര്യങ്ങളെല്ലാം പരിശോധിച്ച് അറിയിക്കുകയാണ് നിരീക്ഷണ സംഘത്തിന്റെ ചുമതലയെന്ന് മന്ത്രി പറഞ്ഞു. ഓരോ നിയമസഭാ മണ്ഡലത്തിലും ഒരു ഉദ്യോഗസ്ഥനെ ഇതിനായി ചുമതലപ്പെടുത്തും. മൂന്ന് ചീഫ് എൻജിനീയർമാർക്കാണ് ഇതിന്റെ ചുമതല. നിയമസഭാ മണ്ഡലത്തിൽ നിന്ന് നൽകുന്ന റിപ്പോർട്ട് മന്ത്രിയുടെ ഓഫിസിൽ പരിശോധിക്കും. പുതുവർഷത്തിൽ പദ്ധതിക്ക് തുടക്കമാകുമെന്ന് മന്ത്രി പറഞ്ഞു.

മഴ കഴിഞ്ഞുള്ള റോഡ് നിർമാണത്തിനായി 213.41 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാനും ഗുണമേൻമ ഉറപ്പു വരുത്താനുമുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് മന്ത്രി അറിയിച്ചു.

പൊതുമരാമത്ത് വകുപ്പിന്റെ മിഷൻ ടീം ഇതിനുള്ള അന്തിമ രൂപരേഖ തയാറാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥർ നേരിട്ട് പരിശോധിച്ച് ഫോട്ടോയും വീഡിയോയും സഹിതമാണ് റിപ്പോർട്ട് നൽകുക. ഇതിനായി പ്രത്യേക സോഫ്റ്റ്‌വേർ വകുപ്പ് തയാറാക്കുന്നുണ്ട്. കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് അപ്പപ്പോൾ അറിയുന്നതിന് പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം തയാറാക്കുമെന്ന് മന്ത്രി പറഞ്ഞു.

## പ്രോഗ്രാം മാനേജർ വാക്ക് ഇൻ ഇന്റർവ്യൂ

ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ) സംസ്ഥാന കാര്യാലയത്തിൽ പ്രോഗ്രാം മാനേജർ തസ്തികയിൽ താത്കാലിക നിയമനം നടത്തുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. ഒരു ഒഴിവുണ്ട്. സയൻസ്/സോഷ്യൽ സയൻസ്/എൻജിനിയറിങ് ടെക്നോളജി/മാനേജ്മെന്റ് എന്നിവയിൽ ഏതെങ്കിലുമൊന്നിലുള്ള ബിരുദം ആണ് യോഗ്യത. പ്രായം 22 നും 40 നും മദ്ധ്യേ. സർക്കാരിലോ/സർക്കാർ സ്ഥാപനങ്ങളിലോ, സർക്കാർ പ്രോജക്കുകളിലോ സമാന തസ്തികയിലോ സമാന യോഗ്യതയുള്ള മറ്റു തസ്തികകളിലോ രണ്ടു വർഷത്തെ പ്രവൃത്തി പരിചയം വേണം. 32,000 രൂപ പ്രതിമാസം വേതനം ലഭിക്കും. താത്പര്യമുള്ള ഉദ്യോഗാർഥികൾ ബയോഡേറ്റയും വിദ്യാഭ്യാസയോഗ്യത, പ്രവൃത്തി പരിചയം എന്നിവ വ്യക്തമാക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം 10 ന് തിരുവനന്തപുരം പാളയം ഗവ. സംസ്കൃത കോളേജ് ക്യാമ്പസിനകത്ത് പ്രവർത്തിക്കുന്ന റൂസ സംസ്ഥാന കാര്യാലയത്തിൽ വാക്ക്ഇൻഇന്റർവ്യൂവിനായി ഹാജരാകണം.

## ഡി എൽ പി റോഡിൽ പ്രസിദ്ധപ്പെടുത്തുന്നു

പൊതുമരാമത്ത് റോഡുകളുടെ പരിപാലന കാലാവധി റോഡുകളിൽ പ്രദർശിപ്പിക്കുന്നതിന്റെ സംസ്ഥാന തല ഉദ്ഘാടനം ഇന്ന് (ഡിസംബർ 4) പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസും നടൻ ജയസൂര്യയും നിർവഹിക്കും. രാവിലെ 9 മണിക്ക് തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിലാണ് പരിപാടി.

ഡിഫക്റ്റ് ലയബിലിറ്റി കാലയളവിലെ റോഡുകളുടെ കരാറുകാർ, അവരുടെ ഫോൺ നമ്പർ, ചുമതപ്പെട്ട ഉദ്യോഗസ്ഥന്റെ ഫോൺ നമ്പർ എന്നിവ ബോർഡിൽ പ്രദർശിപ്പിക്കും. ഡി എൽ പി പിരീഡിലുള്ള റോഡുകളിൽ എന്തെങ്കിലും അപാകത ശ്രദ്ധയിൽപെട്ടാൽ കരാറുകരാനെയോ ഉദ്യോഗസ്ഥനെയോ ജനങ്ങൾക്ക് വിവരം അറിയിക്കാൻ കഴിയും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.